# ക്രൈസ്തവ
# വനിത

**May - June 2013**



A fundamental Christian bi-monthly publication
of the women, by the women, for the women

# CHRISTIAN *WOMAN*

Telephone 0471-244-8079
E-mail: jamesmundakayam@yahoo.in Mob: 9496261095

**Editorial Board**

Mrs. Annamma C. John — Chief Editor
Mrs. Mary Anchan — Associate Editor

**Sub Editors**

Mrs. Sherine Kingston — Mrs. Sobha Selin

Vol. VII **May - June 2013** No.3

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 1 |
| ദൈവിക ജീവനെബഹുമാനിക്കുക | 3 |
| വേദപുസ്തക വനിതകൾ | 5 |
| ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെഅഭ്യസിപ്പിക്ക | 8 |
| തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം – ശുശ്രൂഷ | 13 |
| ശവക്കല്ലറയിലെ പ്രാർത്ഥന | 16 |
| സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർ | 18 |
| കെരൂബിന്റെ ചിറകുകൾ | 20 |
| കൗമാര പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും | 21 |
| ആ സ്നാനം | 25 |
| Quest 30 | 28 |
| Quest 29 ന്റെ ഉത്തരങ്ങൾ | cover iii |

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**

ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം- 695 031

*For private circulation only*

*എഡിറ്റോറിയൽ*



# സ്ത്രീയുടെ സുരക്ഷിതത്വം നഷ്ടപ്പെട്ടാൽ

"നിങ്ങൾ ഒരു സ്ത്രീക്ക് എന്തെല്ലാം നല്കുന്നുവോ അതിനെയെല്ലാം അവൾ ശ്രേഷ്ഠമാക്കും. നിങ്ങൾ അവൾക്കൊരു വീട് നല്കിയാൽ അവൾ നിങ്ങൾക്കൊരു ഭവനം നല്കും. നിങ്ങൾ അവൾക്കു പലവ്യഞ്ജനങ്ങൾ നല്കിയാൽ അവൾ നിങ്ങൾക്കൊരു വിരുന്നു നല്കും. നിങ്ങൾ അവൾക്കൊരു പുഞ്ചിരി സമ്മാനിച്ചാൽ അവൾ നിങ്ങൾക്കു അവളുടെ ഹൃദയം നല്കും. നിങ്ങൾ അവൾക്കൊരു വേദന സമ്മാനിച്ചാൽ കോടിക്കണക്കിനു ദുരിതങ്ങൾ ഏറ്റുവാങ്ങാൻ നിങ്ങൾ തയ്യാറായിരിക്കുക."

ഒരു പഴമൊഴിയിലെ ഏതാനും വരികളാണ് മുകളിലുദ്ധരിച്ചത്. സ്ത്രീസുരക്ഷയെ സംബന്ധിച്ച് വളരെയധികം ചർച്ചകൾ നടക്കുന്ന ഈ കാലഘട്ടത്തിൽ പ്രസക്തമായ ഒരു പഴമൊഴിയാണിത്. വിദ്യാഭ്യാസത്തിലും, തൊഴിലിലും പരമ്പരാഗതമായ അതിരുകൾക്കപ്പുറത്തേക്കു കുതിപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ആധുനിക സ്ത്രീസമൂഹത്തിന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന വിധത്തിലേക്ക് കാര്യങ്ങൾ വഷളായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രനിർമ്മാണത്തിൽ വളരെയധികം പങ്കുവഹിക്കുന്ന സ്ത്രീസമൂഹത്തിനു നേരെയുള്ള കടന്നാക്രമണങ്ങളും, പീഡനങ്ങളും രാജ്യത്തിന്റെ അസ്ഥിവാരമിളക്കുമെന്നതിൽ രണ്ടുപക്ഷമില്ല. ഈ നൂറ്റാണ്ട് സാക്ഷ്യം വഹിക്കുന്ന ഏറ്റവും വലിയ അപചയങ്ങളിലൊന്നാണിത്. സ്ത്രീകളെ അംഗീകരിക്കുകയും, ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്ന ഒരു നവസമൂഹസൃഷ്ടിക്കായി അവലംബിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് സമൂഹം ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. എതിർലിംഗത്തിൽപ്പെട്ടവരോട് അന്തസ്സോടെ പെരുമാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഭവനം മുതൽ സ്കൂൾ തലം വരെ ആൺകുട്ടികളെ ബോധവത്കരിക്കേണ്ടതുണ്ട്. കാരണം, അവരാണ് ഭാവിയിലെ സ്ത്രീസുരക്ഷയുടെ ഗതിവിഗതികളെ നിയന്ത്രിക്കുവാൻ പോകുന്നത്.

വിശുദ്ധ ബൈബിളിന്റെ സംസ്കാരം സ്ത്രീകളുടെ അന്തസ്സിനെ ഏറ്റവും ഉയർത്തിപ്പിടിക്കുന്നു. സ്ത്രീസമൂഹത്തോട് സമൂഹം കാണിക്കേണ്ട സാമാന്യ മര്യാദയുടെ അടിസ്ഥാനപാഠങ്ങൾ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളിൽ പ്രകടമായിരുന്നു. ശമര്യാക്കാരത്തി സ്ത്രീയോടും, പാപിനിയായ സ്ത്രീയോടുമൊക്കെയുള്ള യേശുക്രിസ്തുവിന്റെ ഇടപെടലുകളെപ്പറ്റി വേദപുസ്തകരേഖകൾ സമൂഹത്തിനു പഠിക്കാനുള്ള പാഠപ്പുസ്തകമാണ്. സ്ത്രീയുടെ വിലയറിയണമെങ്കിൽ എസ്ഥേറിനെയും, യേശുക്രിസ്തുവിന്റെ അമ്മയായ മറിയയെയും കുറിച്ചു പഠിക്കണം. ഒരു ജനവിഭാഗത്തെ കഴുമരത്തിന്റെ ഇരുണ്ട ലോകത്തേക്കു എറിഞ്ഞു കൊടുക്കുവാൻ കുതന്ത്രങ്ങൾ മെനഞ്ഞവനെ പരാജയപ്പെടുത്തുവാൻ എസ്ഥേറിലൂടെ കഴിഞ്ഞു. മനുഷ്യസമൂഹത്തിന്റെ ആത്മ

രക്ഷയ്ക്കായി യേശുക്രിസ്തുവിനെ ഭൂമിയിലെത്തിക്കുവാൻ ദൈവമുപയോഗിച്ചത് മറിയയെ ആയിരുന്നു.

നമ്മുടെ പഴമൊഴി ഉയർത്തിപ്പിടിക്കുന്ന പ്രമേയം വളരെ ലളിതമാണ്. സ്ത്രീയോടുള്ള സമൂഹത്തിന്റെ പ്രതികരണം എങ്ങനെയാണോ, അതിനനുസൃതമായ ഫലങ്ങളായിരിക്കും സമൂഹത്തിലുണ്ടാവുക. ഈ ചിന്താഗതിയെ ഉയർത്തിപ്പിടിക്കുകയാണ് എഫെസ്യലേഖനത്തിലെ ചില വാക്യങ്ങൾ. ഭാര്യാഭർത്താക്കന്മാരെ സംബന്ധിച്ച പുതിയനിയമ വീക്ഷണം ശ്രദ്ധിക്കുക. എഫെസ്യർ 5:22 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തശരീരത്തെപ്പോലെ സ്നേഹിക്കണമെന്നു പറയുന്നു. സ്വന്ത ശരീരത്തെപ്പോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കുമ്പോൾ ആരോഗ്യകരമായ ഒരു കുടുംബസംവിധാനം രൂപപ്പെടുന്നു; ലോകത്തിൽ സുരക്ഷിതവും, കെട്ടുറപ്പും ഉള്ള കുടുംബങ്ങളുടെ വിത്ത് വിതയ്ക്കപ്പെടുന്നു. സ്നേഹത്തിനുപകരം സ്ത്രീയെ പകയ്ക്കുമ്പോൾ, അപമാനിക്കുമ്പോൾ, പീഡിപ്പിക്കുമ്പോൾ, ത്യജിക്കുമ്പോൾ, കുടുംബവും സമൂഹവും രാഷ്ട്രവും ഭ്രാന്താലയമായി മാറും. സ്ത്രീ വേദനിക്കപ്പെടുമ്പോഴുണ്ടാകുന്ന പരിണത ഫലങ്ങൾ ഭയാനകമായിരിക്കും. സ്ത്രീസമൂഹത്തോടുള്ള പരാക്രമങ്ങൾ സ്വന്തം ശരീരത്തോടും, ദൈവത്തോടും, രാഷ്ട്രത്തോടുമുള്ള വെല്ലുവിളിയാണെന്ന സത്യം ഏവരും അറിഞ്ഞിരിക്കേണ്ടതാണ്.

തെരുവിലലയുന്ന ലക്ഷോപലക്ഷം ബാല്യങ്ങൾ പിച്ചിച്ചീന്തപ്പെട്ട സ്ത്രീത്വത്തിന്റെ കണ്ണുനീരിൽ കുതിർന്ന ഫലങ്ങളാണ്. ഇതു രാഷ്ട്രത്തിനുണ്ടാക്കുന്ന ബാധ്യത വളരെ വലുതാണ്. വിവാഹമോചനത്തിലൂടെ പുറന്തള്ളപ്പെട്ട സ്ത്രീകളുടെ കുട്ടികൾ ഉയർത്തുന്ന മനഃശാസ്ത്രപരമായ വെല്ലുവിളികളും സമൂഹത്തിന് അധികബാധ്യത തന്നെയാണ്. നമ്മുടെ സ്വാഭിമാനത്തെയും, മൂല്യബോധത്തെയും, പാരമ്പര്യത്തെയും കളങ്കപ്പെടുത്തുന്ന സ്ത്രീവിരുദ്ധ നടപടികളെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു.

**ജയിംസ് മുണ്ടക്കയം**
തിരുവനന്തപുരം

***പ്രത്യേക അറിയിപ്പ്:***

മി. ജയിംസ് മുണ്ടക്കയം ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ ഡയറക്ടർ ആയി 2013 ഏപ്രിൽ 1 ന് ചാർജെടുത്ത വിവരം സന്തോഷസമേതം അറിയിച്ചുകൊള്ളട്ടെ. കാലികപ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കി ശ്രീ. ജയിംസ് രചിക്കുന്ന ലേഖനങ്ങൾ വനിതാവായനക്കാർക്കു വരും നാളുകളിൽ പ്രതീക്ഷിക്കാവുന്നതാണ് (എഡിറ്റർ)

# ദൈവിക ജീവനെ ബഹുമാനിക്കുക

*പ്രീത ഡെന്നി, തിരുവനന്തപുരം*

ദാവീദ് രാജാവ് എഴുതിയ 139-ാം സങ്കീർത്തനത്തിൽ ഭയങ്കരവും അതിശയവുമായി ദൈവം തന്നെ സൃഷ്ടിച്ചതിന് ദൈവത്തോടുള്ള തന്റെ സ്തോത്രം അറിയിക്കുന്നതു കാണാം. താൻ ജനിക്കുന്നതിനു മുമ്പേ തന്നെ തന്റെ അന്തരംഗത്തെ ദൈവം മനസ്സിലാക്കിയിരുന്നു. അതായത് താൻ പിണ്ഡാകാരമായി ഇരുന്നപ്പോൾ തന്നെ ദൈവിക പദ്ധതിയിൽ ദാവീദിനുള്ള സ്ഥാനം കുറിക്കപ്പെട്ടിരുന്നു. ദാവീദിനെ സ്വർഗ്ഗസ്ഥനായ പിതാവ് അതിവിശിഷ്ടമായ ഒരു സൃഷ്ടിയാക്കി. അതുപോലെ തന്നെ നമ്മെ ഒരോരുത്തരെ സംബന്ധിച്ചും ഇത് വളരെ അന്വർത്ഥമാണ്. ഓരോരുത്തരുടെ അന്തരംഗങ്ങളും ഹൃദയവിചാരങ്ങളും ദൈവത്തിന് മറഞ്ഞിരിക്കുന്നതല്ല. ഭയങ്കരവും അതിശയവുമായി നമ്മെ സൃഷ്ടിച്ചതുപോലെ തന്നെയാണ് ഈ ലോകത്തിലുള്ള എല്ലാ വ്യക്തികളേയും ദൈവം സൃഷ്ടിച്ചത്.

ഈ സത്യത്തെ മനസ്സിലാക്കി ഓരോ മനുഷ്യനോടും നാം ബഹുമാനമുള്ളവരായിരിക്കണം. എല്ലാ മനുഷ്യജീവികളോടും ബഹുമാനം പുലർത്തുന്നതിൽ നാം ബദ്ധശ്രദ്ധരായിരിക്കണം. ഗർഭസ്ഥിതരോടും, ശിശുക്കളോടും, ബാലികാബാലകരോടും, വൃദ്ധരോടും, ധനികരോടും, ദരിദ്രരോടും, പണ്ഡിതരോടും, ബുദ്ധിഹീനരോടും, രോഗികളോടും എന്തിന് യാചകരോടു പോലും നല്ല രീതിയിൽ ഇടപെടുവാൻ ദൈവമക്കളായ നമുക്ക് കഴിയണം. അനേകം മിഷനറിമാരുടെ ജീവചരിത്രം വായിച്ചാൽ നമുക്ക് ഇത് മനസ്സിലാക്കാൻ സാധിക്കും. യേശുക്രിസ്തു തന്നെ സമീപിച്ച എല്ലാവരേയും ഒരു പോലെ കരുതുകയും ബഹുമാനിക്കുകയും ചെയ്തിരുന്നതായി സുവിശേഷങ്ങളിൽ നമുക്ക് കാണാവുന്നതാണ്. രോഗികളേയും, പാപികളേയും, വിധവകളേയും എല്ലാം ഒരുപോലെ കരുതിയതായി കാണാം.

ദൈവിക ജീവനിൽ പങ്കുകാരാവാൻ നമുക്ക് ഓരോരുത്തർക്കും കഴിയണം. അതിനുവേണ്ടിയാണ് ഓരോ മനുഷ്യരും ക്ഷണിക്കപ്പെട്ടിരിക്കുന്നത്. ക്ഷണം സ്വീകരിച്ച് ദൈവികതയ്ക്ക് അനുരൂപരാകണമോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഓരോ മനുഷ്യനുമുണ്ട്. ക്രിസ്തു ഈ ലോകത്തിലേക്ക് വന്നതു തന്നെ തന്നിൽ വിശ്വസിക്കുന്നവർക്ക് സമൃദ്ധമായ ജീവനെ നല്കുവാനായിട്ടാണ്. അവനിലുള്ള വിശ്വാസം വഴി ഈ നിത്യജീവൻ നമുക്ക് ലഭിക്കുന്നു.

ഭയങ്കരവും അതിശയവുമായി നമ്മെ സൃഷ്ടിച്ച ദൈവം ഓരോരുത്തർക്കും ഓരോ ദൗത്യം ഏല്പിച്ചിട്ടുണ്ട്. നമ്മുടെ ഓരോ നിമിഷവും ദൈവത്തിന്റെ മുമ്പിൽ ഇരിക്കുന്നു അത് മറച്ചു വയ്ക്കുവാൻ നമുക്ക് കഴിയുന്നതല്ല. ദൈവം നമ്മെ ഏല്പിച്ച ദൗത്യത്തിൽ നിന്ന് വ്യതിചലിക്കാതെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ നമുക്ക് കഴിയണം.

സങ്കീർത്തനം 90:10-ൽ മോശെ ഇപ്രകാരം എഴുതി "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപത് സംവത്സരം ഏറെയായാൽ എൺപതു സംവത്സരം,

അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ. അതുവേഗം തീരുകയും ഞങ്ങൾ പറന്നു പോകുകയും ചെയ്യുന്നു." പലരും ആഗ്രഹിക്കുന്ന ഒരു കാര്യമല്ല ഇത്. എന്നിരുന്നാലും വളരെ പ്രധാനപ്പെട്ട ഒരു സത്യമാണ്. ആയുസ്സിന്റെ ദൈർഘ്യത്തെ നിയന്ത്രിക്കുവാൻ ഈ ഭൂമിയിലുള്ള ഒരു മനുഷ്യനോ, ശാസ്ത്രത്തിനോ കഴിയുന്നതല്ല. എന്നാൽ അതിന്റെ ആഴം, അതായത് നമ്മുടെ ജീവിതം കൊണ്ട് മറ്റ് ജീവിതങ്ങൾക്ക് പ്രയോജനം ചെയ്യാൻ കഴിയുന്നുണ്ടോ? നിത്യമായി നമ്മെ സ്നേഹിക്കുന്ന ക്രിസ്തുവിനെ പ്രസാദിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതാണ്. വളരെ ചുരുക്കമായ ഈ ഭൂമിയിലുള്ള നമ്മുടെ ആയുഷ്ക്കാലത്ത് അനേക തലമുറകൾക്ക് വേണ്ടിയുള്ള സമ്പാദ്യം നേടുക എന്നതായിരിക്കരുത് നമ്മുടെ ലക്ഷ്യം. നിത്യമായ ജീവിതത്തെ ലക്ഷ്യമാക്കാനും അതിലേക്ക് ചില ജീവനുകളെയെങ്കിലും അടുപ്പിക്കുവാനും നമുക്ക് സാധിക്കണം. നഷ്ടപ്പെട്ടു പോകുമായിരുന്ന നമ്മുടെ ജീവനെ വീണ്ടെടുക്കുന്നതിനായി ദൈവം യേശുക്രിസ്തുവിന് മഹത്ത്വവും തേജസ്സും ബഹുമാനവും നല്കി നമ്മുടെ വീണ്ടെടുപ്പുകാരനായി അയച്ചു. അവനിൽ വിശ്വസിക്കുക വഴി ദൈവമക്കളാകുവാനും ക്രിസ്തുവിന്റെ കൂട്ടവകാശികളാകുവാനും നമുക്ക് സാധിക്കും. ക്രിസ്തുവിന്റെ തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരായ നമ്മുടെ സാക്ഷ്യം വളരെ പ്രധാനമാണ്. രക്ഷിക്കപ്പെട്ടവരായ നാം സഹോദരങ്ങളുടെ കൂട്ടമായി പരസ്പരം സ്നേഹത്തിലും ബഹുമാനത്തിലും പെരുമാറേണ്ടതാണ്. പരസ്പര സ്നേഹവും ബഹുമാനവും വിശ്വാസവും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ക്രിസ്തുവിന്റെ നല്ല സാക്ഷികളാവാൻ നമുക്ക് കഴിയണം. നമ്മുടെ സമശിഷ്ടങ്ങളായ ഓരോ മനുഷ്യരോടും ബഹുമാനത്തോടും സ്നേഹത്തോടും സാഹോദര്യത്തോടും കൂടി പെരുമാറുക വഴി ക്രിസ്തുവിന്റെ ഉത്തമസാക്ഷികളാവാൻ നമുക്ക് സാധിക്കും. ദാവീദ് പ്രാർത്ഥിച്ചതു പോലെ വ്യസനത്തിനുള്ള മാർഗ്ഗം നമ്മിൽ നിന്ന് നീക്കി ശാശ്വതമാർഗ്ഗത്തിൽ നടത്തുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം, പ്രയത്നിക്കാം.

## Good News Ministries ഓൺലൈനിൽ

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂൾ പാഠ്യപദ്ധതികൾക്കായി http://www.gncs.org/moodle എന്ന ഗുഡ്ന്യൂസ് വെബ് സൈറ്റും

ക്രൈസ്തവ വനിതയ്ക്കായി http://www.gncs.org/ ministries_ publications.htm/ എന്ന വെബ് സൈറ്റും സന്ദർശിക്കുക.

Director

# വേദപുസ്തക വനിതകൾ

***യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം***

## മഗ്ദലന മറിയം

ലോകരക്ഷകനായി അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് തന്നെ അനുഗമിച്ചവരിൽ അനേകം സ്ത്രീജനങ്ങളുമുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ ഏറ്റവും പ്രമുഖമായ ഒരു സ്ഥാനം മഗ്ദലന മറിയത്തിനുണ്ട്.

ഗലീലക്കടലിന്റെ പശ്ചിമഭാഗത്ത് മഗ്ദലന എന്ന പട്ടണത്തിൽ വസിച്ചിരുന്നവളാണ് ഈ മറിയ. മിര്യാം എന്ന എബ്രായപേരിന്റെ ഗ്രീക്കുരൂപമാണ് മറിയ, അഥവാ, മറിയം എന്നത്. പുതിയനിയമത്തിൽ ആറു മറിയമാരെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ ഓരോരുത്തരേയും തിരിച്ചറിയാൻ ആവശ്യമായ സൂചന പരിശുദ്ധാത്മാവു നല്കിയിട്ടുണ്ട്.

മഗ്ദലക്കാരത്തി എന്നതിന് നാലുതരത്തിലുള്ള വ്യാഖ്യാനങ്ങൾ കാണുന്നുണ്ട്. ഒന്നാമത്തേത് മേല്സൂചിപ്പിച്ച പ്രകാരം മഗ്ദലനപ്പട്ടണവാസിയെന്നതാണ്. തൽമൂദിൽ ഒരു മറിയ മെഗാദെലേ അതായത് പിന്നിയ തലമുടിയുള്ളവൾ എന്നർത്ഥം വരുന്നതാണ്. ഇവൾ ലൂക്കൊസ് 7:37 ലെ പാപിനിയായ സ്ത്രീ എന്നു ലൈറ്റ്ഫുട്ട് പറയുന്നു. എന്നാൽ പാപിനിയായ സ്ത്രീ എന്നല്ലാതെ മറിയ എന്ന പേരുള്ളതായി ഒരു സൂചനയും തിരുവചനത്തിലല്ല. ലൂക്കോസ് 8:2 ൽ ഏഴുഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും എന്ന പ്രയോഗമാണ് മൂന്നദ്ധ്യായത്തിലെ പാപിനിയായ സ്ത്രീ മഗ്ദലന മറിയമാണെന്ന നിഗമനത്തിലെത്താൻ കാരണമെന്നും പറയുന്നു.

മഹാകവി വള്ളത്തോളിന്റെ ഏറ്റവും മനോഹരമായ ഖണ്ഡകാവ്യങ്ങളിൽ ഒന്നാണ് മഗ്ദലന മറിയം. എന്നാൽ പ്രസ്തുത കാവ്യത്തിലെ കഥാപാത്രം ലൂക്കൊസ് 7:36-39 വരെ പരാമർശിക്കപ്പെട്ടിരിക്കുന്ന പട്ടണത്തിലെ പാപിനിയായ സ്ത്രീയെക്കുറിച്ചാണ്. എന്നാൽ മഗ്ദലന മറിയ ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്നവളും കർത്താവിന്റെ അടുക്കൽ വന്ന് ഭൂതബാധയിൽ നിന്നും മോചനം പ്രാപിച്ച് സുബോധവതിയായി പിന്നീട് ജീവിതകാലം മുഴുവൻ തനിക്കു രക്ഷവരുത്തിയ അരുമനാഥനെ അനുഗമിച്ച് ശുശ്രൂഷ ചെയ്തിരുന്നവളുമായിരുന്നു. വേശ്യാവൃത്തിയിൽ പണം സമ്പാദിച്ച് ധനികയും ധൂർത്തയുമായിരുന്ന ഒരു സ്ത്രീ ആയിരുന്നില്ല മഗ്ദലന മറിയം.

ഏഴു ഭൂതങ്ങൾ ബാധിച്ചവളായിരുന്നു ഈ സ്ത്രീ എന്ന് ലൂക്കൊസ് 8:2, മർക്കൊ. 16:9 ഈ ഭാഗങ്ങളിൽ കാണാവുന്നതാണ്. ഭൂതങ്ങളെ പുറത്താക്കപ്പെട്ട ഇവൾ കർത്താവിൽ വിശ്വസിച്ച് പാപരോഗത്തിനും പരിഹാരം വരുത്തിയിരുന്നു എന്ന് അവളുടെ പിന്നത്തെ പ്രവൃത്തികളിൽ വെളിപ്പെടുന്നതാണ്. തല ചായ്പാൻ സ്ഥലമില്ലാതെ, അരക്കാശിനു മുതലില്ലാതെ ഈ ലോകത്തിൽ സാധാരണക്കാരിൽ ഒരുവനെപ്പോലെ ജീവിച്ചിരുന്ന മനുഷ്യപുത്രനും തന്നെ അനുഗമിച്ചിരുന്ന ശിഷ്യന്മാരും ഉണ്ടും ഉറങ്ങിയും കഴിഞ്ഞിരുന്നത്

തന്നെ അനുഗമിച്ചിരുന്ന സ്ത്രീജനങ്ങളുടെ ശുശ്രൂഷയാലാണ്. തങ്ങൾക്കുള്ളതെല്ലാം രക്ഷിതാവിന്നായി സമർപ്പിച്ചവരായിരുന്നു അവർ.

മഗ്ദലക്കാരത്തി മറിയ തുടർമാനമായി യേശുവിനെ അനുഗമിച്ചിരുന്നതിൽ മുൻപന്തിയിലായിരുന്നു. അന്നത്തെ യഹൂദവർഗ്ഗത്തിന്റെയും ശാസ്ത്രിമാരുടെയും പരീശന്മാരുടെയും എതിർപ്പും പീഡനവും സഹിച്ച നസ്രായന്റെ ഭാവിയെക്കുറിച്ച് പ്രാവചനികമായി കർത്താവു പറഞ്ഞിരുന്ന കാര്യങ്ങൾ മുഴുവൻ വിശ്വസിച്ച് മനസ്സിലാക്കാൻ തന്നെ അനുഗമിച്ച ശിഷ്യന്മാർക്കോ സ്ത്രീകൾക്കോ കഴിഞ്ഞിരുന്നില്ല. അതിനു അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുകയും ചെയ്ത യേശുക്രിസ്തുവിനെ യെഹൂദപ്പരിഷയുടെ കൈയിൽപ്പെടാതെ സ്വയം രക്ഷിക്കാൻ കഴിയുന്നവനാണ് നസ്രായൻ എന്ന് അവർ ധരിച്ചുവച്ചിരുന്നത് തെറ്റല്ല. എന്നാൽ മനുഷ്യപുത്രന്റെ വരവിന്റെ ലക്ഷ്യം മുഴുവൻ ഉൾക്കൊള്ളണമെങ്കിൽ അത് പ്രായോഗികതയിൽ വരുത്തുന്ന പരിശുദ്ധാത്മാവാം ദൈവം ആഗതനാകണം. അതും യേശുകർത്താവ് അവർക്ക് പ്രാവചനികമായി അരുളിച്ചെയ്തിരുന്നു.

എന്നാൽ യേശുവിനോടുള്ള നിസ്സീമമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ റോമൻ പടയാളികളാൽ പീഡിപ്പിക്കപ്പെട്ട് ഗോൽഗോത്താകുന്നിൽ രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിക്കപ്പെടുന്ന സമയം ദൂരെ നിന്ന് അതു നോക്കിക്കൊണ്ടിരുന്ന ചിലരുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ മഗ്ദലക്കാരത്തിയുമുണ്ടായിരുന്നു. അവളുടെ നിഷ്കളങ്കമായ സ്നേഹം ഭയത്തെ പുറത്താക്കിയിരുന്നു. ക്രൂശീകരണം കാണുവാൻ വന്നവരിൽ ഒരു കൂട്ടർ സംഭവിച്ചത് കണ്ടിട്ട് മാറത്തടിച്ചുകൊണ്ട് മടങ്ങിപ്പോയി. എന്നാൽ അവന്റെ പരിചയക്കാർ എല്ലാവരും ഗലീലയിൽ നിന്നും അവനേ അനുഗമിച്ചിരുന്ന സ്ത്രീകളും ഇതു നോക്കിക്കൊണ്ട് ദൂരത്ത് നിന്നിരുന്നു (ലൂക്കൊസ് 23:49).

ക്രൂശീകരണത്തിനുശേഷം വേഗം മരിച്ച കർത്താവിന്റെ ശരീരം, തന്നെ രഹസ്യത്തിൽ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമഥ്യയിലെ യോസേഫ് പീലാത്തോസിൽ നിന്നും അനുവാദം വാങ്ങി യേശുവിന്റെ ശരീരം ശീലയിൽ പൊതിഞ്ഞ് ആരേയും വച്ചിട്ടില്ലാത്ത പാറയിൽ വെട്ടിച്ച കല്ലറയിൽ വച്ച് കല്ലറ വാതില്ക്കൽ ഒരു വലിയ കല്ല് ഉരുട്ടിവയ്പ്പിച്ചു. കല്ലറയ്ക്ക് എതിരേ മഗ്ദലക്കാരത്തി മറിയയും മറ്റേ മറിയയും ഇരുന്നിരുന്നു (മത്താ. 27:57-61; മർക്കൊ. 15:42-47; ലൂക്കൊ. 23:50-55; യോഹ. 19:38-42.) യോഹന്നാൻ മാത്രം, രാത്രിയിൽ യേശുവിനെ കാണുവാൻ വന്ന നിക്കോദേമൊസ് നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള കൂട്ടും കൊണ്ടു വന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ക്രൂശീകരണസമയത്തു മാത്രമല്ല അവന്റെ ശരീരം അടക്കം ചെയ്യുന്നത് എവിടെയെന്ന് സൂക്ഷ്മതയോടെ കണ്ടറിഞ്ഞിട്ടാണ് മറിയ ശബ്ബത്തിൽ സ്വസ്ഥമായിരുന്നത്.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതായത് ഞായറാഴ്ച അതികാലത്ത് ഇരുട്ട് ഉള്ളപ്പോൾ തന്നെ സുഗന്ധവർഗ്ഗവുമായി മറിയ കല്ലറയ്ക്കൽ വന്നു. എന്തിനാണു വന്നത്? മൃതശരീരത്തിൽ സുഗന്ധലേപനം നടത്തുവാൻ.

ഇന്നും പുനരുത്ഥാനം ചെയ്ത യേശുവിൽ വിശ്വസിക്കാതെ ക്രൈസ്തവ നാമധാരികളായവർ മരിച്ചു അടക്കം ചെയ്ത കല്ലറയും തലയിൽ ചുറ്റിയിരുന്ന റൂമാൽ എന്നും മറ്റും പറഞ്ഞ് പുനരുത്ഥാനം ചെയ്തവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്ന അന്ധവിശ്വാസികൾ.

മറിയയെ സംബന്ധിച്ചിടത്തോളം അവൾ ഒരുക്കിക്കൊണ്ടുവന്ന ലേപനം പുരട്ടുവാൻ മൃതശരീരം അവിടെ ഇല്ലായിരുന്നു. അവൾ കല്ലറയിൽ കുനിഞ്ഞു നോക്കിയപ്പോൾ വെള്ളവസ്ത്രധാരിയായ രണ്ടു ദൂതന്മാരെ കണ്ടു. ഉടനേ തന്നെ യേശു അവളെ സമീപിച്ചു. എന്നാൽ അതു യേശുവാണെന്ന് അവൾ അറിഞ്ഞില്ല. തോട്ടക്കാരൻ എന്നുവച്ച് യേശുവിന്റെ ശരീരം കാണുന്നില്ല; അവനെ എവിടെ വച്ചെന്നു പറഞ്ഞാൽ ഞാൻ എടുത്തു കൊണ്ടു പൊയ്ക്കൊള്ളാം എന്നു പറഞ്ഞു. നോക്കുക, ഒരു സ്ത്രീ യൗവനയുക്തനായ ഒരാളിന്റെ മൃതശരീരം എടുത്തു കൊണ്ടു പോകാമെന്നു പറയുന്നത് അവളുടെ സ്നേഹത്തിന്റെ ആഴമല്ലേ കാണിക്കുന്നത്?

യേശു അവളെ മറിയയേ എന്നു വിളിച്ചു. അപ്പോൾ അത് ഗുരുവാണെന്ന് അവൾ തിരിച്ചറിഞ്ഞ് റബ്ബൂനി എന്നു മറുവാക്കു പറഞ്ഞു. റബ്ബൂനി എന്നാൽ ഗുരു എന്നർത്ഥം. പുനരുത്ഥാനം ചെയ്ത കർത്താവിനെ ആദ്യം കണ്ടത് മഗ്ദലന മറിയമായിരുന്നു. ഹോ! അവൾ എത്ര വലിയ ഭാഗ്യവതിയാണ്. പുനരുത്ഥാനം ചെയ്തു എന്ന സദ്വർത്തമാനം ശിഷ്യന്മാരെ ആദ്യം അറിയിച്ചതും അവളായിരുന്നു.

യേശുകർത്താവു മഗ്ദലന മറിയത്തിനു നല്കിയ വലിയ നിയോഗം ശ്രദ്ധിക്കുക. യേശു അവളോടു പറഞ്ഞു: നീ എന്നെ തൊടരുത്; ഞാൻ ഇതുവരെ എന്റെ പിതാവും നിങ്ങളുടെ പിതാവുമായ ദൈവത്തിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല. എന്നാൽ ഞാൻ സ്വർഗ്ഗത്തിലേക്കു പോകുന്നു എന്ന് ശിഷ്യന്മാരോടു പറയണം. ഈ നിയോഗം അവൾ ശിഷ്യന്മാരോടു പറഞ്ഞു. മറിയ കണ്ടാണ് വിശ്വസിച്ചത്. എന്നാൽ നമ്മൾ ഇന്ന് കാണാതെ വിശ്വസിക്കുന്ന ഭാഗ്യവാന്മാരാണ്. ഒരിക്കൽ നമ്മുടെ പാപത്തിന്റെ ശിക്ഷ കാല്വറിയിൽ സ്വയം ഏറ്റെടുത്ത് മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്ത കർത്താവ് സ്വർഗ്ഗത്തിൽ ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ശ്രേഷ്ഠമഹാപുരോഹിത ശുശ്രൂഷ ചെയ്യുന്നു. കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും. ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം നല്കാൻ (റോമ.8:24) നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തോട് അനുരൂപമായിത്തീർക്കാൻ (ഫിലി. 3:20). യേശുകർത്താവിൽ വിശ്വസിക്കുന്നതിനാൽ രക്ഷിക്കപ്പെട്ടവരുടെ ഭംഗമില്ലാത്ത ജീവനുള്ള പ്രത്യാശയാണിത്.

ഇതു വായിക്കുന്ന ആരെങ്കിലും ഈ പ്രത്യശയില്ലാത്തവരായിട്ടുണ്ടെങ്കിൽ ഇപ്പോൾ പാപം ഏറ്റു പറഞ്ഞ് നമ്മുടെ പാപപരിഹാരം വരുത്തിയ രക്ഷിതാവിൽ വിശ്വസിച്ച് ആശ്രയിക്കുക. ദൈവം അതിനായി നിങ്ങളെ സഹായിക്കട്ടെ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അനന്യനായ ദൈവത്തിന്റെ ധന്യനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.

●

# "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക"

**മേരി അഞ്ചൻ, തുംകൂർ**

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃശവാക്യങ്ങൾ 22:6)

കഴിഞ്ഞ ഒരു ദിവസത്തെ വർത്തമാനപ്പത്രത്തിൽ, ബാംഗ്ലൂരിൽ വിവിധ സ്ഥലങ്ങളിലായി ഒരേ ദിവസം ഏഴ് ആത്മഹത്യകൾ നടന്നതായി വായിക്കാനിടയായി. ഇക്കാലത്ത് ആത്മഹത്യകൾ ദൈനംദിനം നടക്കുന്ന സാധാരണ സംഭവങ്ങളായിത്തീർന്നിട്ടുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച 50 ടൂറിസ്റ്റു കേന്ദ്രങ്ങളിലൊന്നായി, സുപ്രസിദ്ധ 'നാഷനൽ ജോഗ്രാഫിക്' (National Geographic) മാസികയും, സുരക്ഷത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി 'ഇന്ത്യാ ടുഡേ' (India Today) യും തിരഞ്ഞെടുത്തിരുന്ന കേരളസംസ്ഥാനം ഇന്ന് ആത്മഹത്യാനിരക്കിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തായിരിക്കുന്നു. പെൺവാണിഭം, സ്ത്രീപീഡനം, കൊലപാതകം എന്നിവയ്ക്ക് കൈയും കണക്കുമില്ല. 80% കുറ്റവാളികളും ദൈവഭയവും, കുടുംബസ്നേഹബന്ധങ്ങളും ഇല്ലാത്ത ഭവനങ്ങളിലെ അംഗങ്ങളാണ്. ചുരുക്കത്തിൽ, ആധുനിക കുറ്റവാളികളുടെ വർദ്ധനവിന് മാതാപിതാക്കളാണ് ഉത്തരവാദികൾ, അവരുടെ സമ്പാദ്യത്തേക്കാൾ, അവരുടെ ഉപദേശവും, മാതൃകാപരമായ ജീവിതരീതിയുമാണ് മക്കളുടെ സ്വഭാവ രൂപീകരണത്തിന് ആവശ്യം. സകല സുഖസൗകര്യങ്ങളും, ആഡംബരവസ്തുക്കളും ജീവിതത്തിനു സംതൃപ്തി നല്കാൻ പര്യാപ്തമല്ല. മാതാപിതാക്കളുടെ ശിക്ഷണവും, നിയന്ത്രണവും ഇല്ലാത്ത കുട്ടികൾ അക്രമാസക്തരും, സമൂഹത്തിനു ഉപദ്രവകാരികളും ആയി വളരുന്നു. കൂടാതെ, ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ പോകുന്നതിനാൽ നിരാശയുടെയും, പരാജയങ്ങളുടെയും തിക്താനുഭവങ്ങളിൽ ആത്മഹത്യ, കൊലപാതകം എന്നിവയെ ശരണം പ്രാപിക്കുന്നു.

അഞ്ചുവയസ്സുള്ള ഒരു ശിശുവിന്റെ മാതാവ് ഒരു മതാദ്ധ്യക്ഷനെ സമീപിച്ച് എപ്പോൾ മുതലാണു കുട്ടിക്കു ശിക്ഷണം നല്കേണ്ടതെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി, 'നിങ്ങൾ അഞ്ചുവർഷം താമസിച്ചു പോയി' എന്നായിരുന്നു. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്നു ചൊല്ലുണ്ടല്ലോ?

യഹോവയുടെ വേലയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ചില ദൈവദാസന്മാരുടെ ശിക്ഷണം കൂടാതെ വളർത്തപ്പെട്ട മക്കളുടെ ശോകപൂർണ്ണമായ അന്ത്യം തിരുവചനത്തിൽ കാണുവാൻ കഴിയും.

### 1. ഏലിപുരോഹിതൻ

പഴയനിയമകാലത്ത് ഇസ്രയേലിൽ ഒരു പുരോഹിതനെ തിരഞ്ഞെടുത്ത്, അഭിഷേകം ചെയ്യുന്നതിലേക്ക്, അതിസൂക്ഷ്മതയേറിയ പദ്ധതികളും, നടപടിക്രമങ്ങളും യഹോവ നിയമിച്ചിരുന്നു. ആധുനികകാലത്ത് ആർക്കു

വേണമെങ്കിലും പുരോഹിതനോ, സുവിശേഷകനോ ആകാം. ചിലരെ സംബന്ധിച്ച്, ദൈവവേല ഒരു നല്ല 'തൊഴിൽ' ആണ്. ഇസ്രയേൽ ഗോത്രങ്ങൾ പന്ത്രണ്ടിലും വച്ച് പുരോഹിതശുശ്രൂഷയ്ക്കായി ദൈവം നിയമിച്ചിരുന്നത് ലേവിഗോത്രത്തെ മാത്രമായിരുന്നു. ലേവ്യ. അദ്ധ്യായങ്ങൾ എട്ടും ഒൻപതും അഹരോനെയും പുത്രന്മാരെയും പുരോഹിതന്മാരാക്കുന്നതിന്റെ ദീർഘമായ വിവരണം നല്കിയിരിക്കുന്നു. യഹോവയുടെ കല്പന ലംഘിക്കുന്നവർക്ക് കഠിനശിക്ഷയായിരുന്നു എന്നത് ലേവ്യ.10:1-2 വാക്യങ്ങളിൽ കാണുന്നു. അഹരോന്റെ രണ്ടു പുത്രന്മാരെ യഹോവയുടെ കല്പന ലംഘിച്ചതിനാൽ, യഹോവയുടെ തീ ദഹിപ്പിച്ചു കളഞ്ഞു.

ന്യായാധിപന്മാരുടെ ഭരണകാലാന്ത്യത്തോടെ, ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു എന്നു കാണുന്നു. ആ കാലത്ത് ശീലോവിൽ യഹോവയുടെ ആലയത്തിലെ പുരോഹിതന്മാർ ഏലിയും, മക്കളായ ഹൊഫ്നിയും, ഫീനെഹാസും ആയിരുന്നു. ഏലിയുടെ പുത്രന്മാർ തങ്ങളുടെ സ്ഥാനം നിസ്സാരമായി കരുതി; ദൈവത്തെയോ മനുഷ്യരെയോ ഭയപ്പെട്ടിരുന്നില്ല. വിശുദ്ധയാഗവസ്തുക്കളെ അഗണ്യമായും അലക്ഷ്യമായും കൈകാര്യം ചെയ്തു. മാത്രമല്ല, കൂടാരവാതില്ക്കൽ ശുശ്രൂഷ ചെയ്തുപോന്നിരുന്ന സ്ത്രീകളോടു കൂടെ ശയിക്കുകയും ചെയ്തു (പുറ.38:8 നോക്കുക). ഇതിൽ അമർഷംപൂണ്ട ജനങ്ങൾ ആവലാതിപ്പെട്ടെങ്കിലും, പിതാവായ ഏലി അവരെ വേണ്ടവിധം ശാസിച്ചില്ല. ഏലിയുടെ ശാസനാരീതി നോക്കുക, 'നിങ്ങളുടെ ദുഷ്പ്രവൃത്തികളെക്കുറിച്ച് ഈ ജനമൊക്കെയും പറഞ്ഞു ഞാൻ കേൾക്കുന്നു. അങ്ങനെ അരുത്, എന്റെ മക്കളേ യഹോവയുടെ ജനം നിങ്ങളെക്കുറിച്ചു പരത്തുന്നതായി ഞാൻ കേൾക്കുന്ന കേൾവി നന്നല്ല... (1 ശമു. 2:23-24). 1 ശമുവേൽ 1:14 ൽ ദുഃഖാർത്തയായ ഹന്നാ, സന്താനലബ്ധിക്കായി മനോവ്യസനത്താൽ യഹോവയുടെ സന്നിധിയിൽ കരഞ്ഞു പ്രാർത്ഥിച്ചതു കണ്ടു ഏലി തന്റെ പുത്രന്മാരേപ്പോലെ അവൾ മദ്യപിച്ച് ലഹരി പിടിച്ചിരിക്കയാണെന്നാണ് നിരൂപിച്ചത്. ഏലിക്ക് ഒരു പുരോഹിതനു വേണ്ടുന്ന യോഗ്യത ഉണ്ടായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു!

പുരോഹിതരായിരുന്ന തന്റെ പുത്രന്മാർ ഇരുവരും നീചന്മാരും, മ്ലേച്ഛന്മാരും, ധിക്കാരികളും ആയിരുന്നെങ്കിലും അതു ഗണിക്കാഞ്ഞ ഏലിക്ക് യഹോവയിൽ നിന്നും ഉണ്ടായ അരുളപ്പാട്... തിരുനിവാസത്തിൽ അർപ്പിപ്പാൻ ഞാൻ കല്പിച്ചിട്ടുള്ള എന്റെ യാഗവും, വഴിപാടും നിങ്ങൾ ചവിട്ടുകയും... നീ നിന്റെ പുത്രന്മാരെ എന്നേക്കാൾ ബഹുമാനിക്കയും ചെയ്യുന്നത് എന്ത്? (1 ശമു. 2:27-36) 'അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും, അവരെ ശാസിച്ചമർത്തായ്കകൊണ്ട് ഞാൻ അവന്റെ ഭവനത്തിനു എന്നേക്കും ശിക്ഷ വിധിക്കും' എന്ന് യഹോവ അരുളിചെയ്തു (3:13).

മക്കളെ ദൈവഭയത്തിൽ വളർത്താത്ത മാതാപിതാക്കളോടുള്ള അതിശക്തമായ ദൂതാണിത്. ഏലിയുടെ ഭവനത്തെ നിർമ്മൂലനാശമാക്കുമെന്നും, പുത്രന്മാരിരുവരും ഒരേ ദിവസം കൊല്ലപ്പെടുമെന്നും യഹോവ പ്രസ്താവിച്ചു.

ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ തോല്വി സംഭവിച്ച ഇസ്രയേല്യർ യഹോവയുടെ സാന്നിധ്യം പ്രതിനിധീകരിക്കുന്ന പെട്ടകം ഏലിയുടെ പുത്രന്മാരായ പുരോഹിതന്മാരുടെ അകമ്പടിയോടെ പാളയത്തിലേക്കു കൊണ്ടുവന്നപ്പോൾ, അവരിരുവരും കൊല്ലപ്പെട്ടു, ശത്രുക്കൾ യഹോവയുടെ പെട്ടകം പിടിച്ചെടുത്ത വിവരമറിഞ്ഞ ഏലി ഇരിപ്പിടത്തിൽ നിന്നും പിറകോട്ടു വീണു കഴുത്തൊടിഞ്ഞു മരിച്ചു. യഹോവയെ മറക്കുന്നവരുടെ അന്ത്യം എത്രയോ ശോചനീയം! ഏലിയുടെ ഭവനത്തോടുള്ള ദൈവിക ശിക്ഷാവിധി അന്ന് ഭാഗികമായി നിറവേറി.

## 2. വിശ്വസ്തപ്രവാചകനും പുരോഹിതനുമായിരുന്ന ശമുവേൽ

ഹന്നയുടെ പ്രാർത്ഥനയുടെ ഫലമായി ജനിച്ച ശമുവേൽ ബാലനെ അവൾ കുട്ടിയുടെ ജനനത്തിനുമുമ്പുതന്നെ യഹോവയ്ക്കു പ്രതിഷ്ഠിച്ചിരുന്നു. മുലകുടിമാറിയതുവരെയും ദൈവഭക്തിയിൽ വളർത്തിയ പൈതലിനെ അനന്തരം ശീലോവിലെ യഹോവയുടെ ആലയത്തിൽ ശുശ്രൂഷ ചെയ്യാനായി ഏലിപുരോഹിതനെ ഏല്പിച്ചു. ബാലൻ യഹോവയുടെ സന്നിധിയിൽ വളർന്നു വന്നു.

ഇസ്രയേൽജനം ദേശീയമായും ജാതീയമായും അധഃപതിച്ചിരുന്ന കാലം. ജനത്തെ ആത്മീയ പുരോഗതിയിലേക്കു നയിച്ച വിശ്വസ്തപ്രവാചകനും (1 ശമു. 3:20) വിശ്വാസ വീരനും (എബ്രാ. 11:32) ആയിരുന്നു ശമുവേൽ. ഒടുവിലത്തെ ന്യായാധിപനും ഇസ്രയേലിലെ പ്രഥമരാജാവായ ശൗലിനെയും അനന്തരം ദാവീദിനെയും അഭിഷേകം ചെയ്ത ശമുവേലിന് ബാല്യം മുതല്ക്കേ യഹോവയുടെ ദർശനവും അരുളപ്പാടും ഉണ്ടായിരുന്നു.

എന്നാൽ, ശമുവേൽ വൃദ്ധനായപ്പോൾ, തന്റെ പുത്രന്മാരെ ന്യായാധിപന്മാരാക്കിയെങ്കിലും, അവർ പിതാവിന്റെ വഴികളിൽ നടന്നിരുന്നില്ല. കൂടാതെ കൈക്കൂലി വാങ്ങി ജനങ്ങളുടെ ന്യായം മറിച്ചുകളകയും ചെയ്തിരുന്നു. ഇസ്രയേൽ മൂപ്പന്മാർ ശമുവേലിനെ സമീപിച്ച്, 'നിന്റെ പുത്രന്മാർ നിന്റെ വഴികളിൽ നടക്കുന്നില്ല. ആകയാൽ, സകലജാതികൾക്കുമുള്ളതുപോലെ ഒരു രാജാവിനെ വാഴിച്ചു തരുവാൻ അപേക്ഷിച്ചു' (1 ശമു.8:5). ഒരു രാജഭരണത്തിലുളവാകുന്ന ഭവിഷ്യത്ഫലങ്ങളെക്കുറിച്ച് യഹോവ ശമുവേലിൽകൂടെ മൂപ്പന്മാരെ അറിയിച്ചെങ്കിലും, അവർ കൂട്ടാക്കിയില്ല. 'മറ്റുള്ള ജാതികളെപ്പോലെ ഞങ്ങൾ ആകേണം' (1 ശമു. 8:26). ദൈവം ആക്കിവച്ചിരിക്കുന്ന സ്ഥാനം വിശ്വസ്തതയോടും, മാതൃകാപരമായും സൂക്ഷിക്കാത്തപക്ഷം അവരുടെ അധീനതയിലുള്ളവർ 'ചുറ്റുപാടുമുള്ള ജാതികളെപ്പോലെ' ആകുവാൻ ഇച്ഛിക്കുന്നത് സ്വാഭാവികമാണ്.

മോശെയുടെ കാലശേഷം, ഇസ്രയേലിലെ ഏറ്റവും ശ്രേഷ്ഠനായിരുന്ന പ്രവാചകനായിരുന്നു ശമുവേൽ. ഇസ്രയേൽ ജനതയെ ന്യായമായും, നീതിപൂർവവും ഭരിച്ചു; എന്നാൽ സ്വന്തം മക്കളെ തന്റെ വഴികളിൽ നടത്തുന്നതിൽ പരാജിതനായിപ്പോയി. അങ്ങനെ യഹോവയുടെ വ്യവസ്ഥയനുസരിച്ച് ഇസ്രയേലിനെ ഭരിച്ചുപോന്ന ന്യായാധിപന്മാരുടെ കാലത്തിനു അന്ത്യം കുറിച്ചു; രാജവാഴ്ച ആരംഭിച്ചു.

## 3. ദാവീദുരാജാവ്

ആട്ടിൻ കൂട്ടത്തെ മേയിച്ചുകൊണ്ടിരുന്ന മേച്ചല്പ്പുറത്തുനിന്നും രാജകൊട്ടാരത്തിലേക്ക് ആരോഹണം ചെയ്യപ്പെട്ട ദാവീദ്... തന്റെ ജീവനെ ഹനിക്കുന്നതിനായി വന്യമൃഗങ്ങളെ വേട്ടയാടുന്നതുപോലെ മരുഭൂമിയിലും, ദുർഗ്ഗങ്ങളിലുംകൂടെ പിന്തുടർന്ന ശൗൽരാജാവ്, തന്റെ മകൻ അബ്ശാലോം എന്നിവരുടെ ദുർമ്മരണത്തിൽ ദാവീദു രചിച്ച വിലാപഗീതങ്ങൾ, തന്റെ ഹൃദയത്തിലെ ദൈവസ്നേഹത്തിന്റെ പ്രത്യക്ഷ അടയാളമായിരുന്നു. യഹോവയുടെ ഹൃദയപ്രകാരമുള്ളവൻ (A man of God's own heart) എന്ന പേര് തനിക്കു അനുയോജ്യമായിരുന്നു. 150 സങ്കീർത്തനങ്ങളിൽ 73 ഉം ദാവീദിനാൽ വിരചിതമായതാണ്. അവന്റെ ദൈവാശ്രയം, ദൈവസാമീപ്യം, കൃതജ്ഞതാനിർഭരമായ ഹൃദയത്തിൽ നിന്നും നിരർഗ്ഗളം പ്രവഹിച്ച സ്തുതിസ്തോത്രങ്ങൾ എന്നിവയെല്ലാം അവന്റെ ഗുണവിശേഷങ്ങളുടെ പ്രത്യക്ഷ സാക്ഷ്യമായിരുന്നു.

എന്നാൽ ദാവീദിനു സ്വന്ത മക്കളുടെമേൽ യാതൊരു നിയന്ത്രണവുമില്ലായിരുന്നു എന്നത് ഖേദകരം തന്നെ. ആദ്യജാതനായ അമ്നോൻ, പിതാവിന്റെ മകളും, അബ്ശാലോമിന്റെ സഹോദരിയുമായ താമാറിനെ ബലാൽസംഗം ചെയ്തു. അബ്ശാലോം അമ്നോനെ കൊല്ലിച്ചു. പിന്നീട് ദാവീദിനെതിരെ കൂട്ടുകെട്ടുണ്ടാക്കി സിംഹാസനം കൈവശമാക്കുവാൻ ശ്രമിച്ച അബ്ശാലോമിനെ ഭയപ്പെട്ട് മരുഭൂമിയിൽ ഒളിച്ചുപാർത്ത പിതാവിന്റെ സേനയുമായി യുദ്ധത്തിനു ഏറ്റുമുട്ടിയ അബ്ശാലോം അതിദയനീയമായി കൊല്ലപ്പെട്ടു. ദാവീദു ദുഃഖാർത്തനായി വിലപിച്ചു.

അനന്തരം ദാവീദു വൃദ്ധനായപ്പോൾ തന്റെ മകൻ അദോനിയാവ്, രഥങ്ങളെയും കുതിരകളെയും, രാജകുമാരന്മാരെയും, യെഹൂദാപുരുഷന്മാരെയും കൂട്ടിവരുത്തി. വലിയ വിരുന്നിനുശേഷം, സ്വയം രാജാവായി പ്രഖ്യാപിച്ചു. എന്നാൽ യഹോവയുടെ പ്രവാചകനായിരുന്ന നാഥാൻ തക്കസമയത്തു ഇടപെടുകയും, ദാവീദുരാജാവിനെ വിവരം ധരിപ്പിക്കുകയും ചെയ്തതിനാൽ, രാജാവു നേരത്തെ തീരുമാനിച്ചിരുന്നതിൻപ്രകാരം സ്ഥാനമാനങ്ങളെല്ലാം ശലോമോനു നല്കി രാജാവായി പ്രഖ്യാപിച്ചു. ശലോമോൻ അദോനിയാവിനു ക്ഷമാപണം നല്കി.

ദാവീദിന്റെയും മകൻ അദോനിയാവിന്റെയും ബന്ധത്തെക്കുറിച്ച് 1 രാജാ.1:6ൽ നാം ഇപ്രകാരം വായിക്കുന്നു: 'അവന്റെ അപ്പൻ (ദാവീദ്) അവനെ മുഷിപ്പിക്കരുതെന്നു വച്ച് അവന്റെ ജീവകാലത്തൊരിക്കലും നീ ഇങ്ങനെ ചെയ്തത് എന്ത് എന്നു ചോദിച്ചിരുന്നില്ല.' അങ്ങനെ തന്നിഷ്ടക്കാരനായി വളർന്ന മകൻ സ്വകാര്യസാദ്ധ്യത്തിനായി എന്തുചെയ്യാനും മടിച്ചിരുന്നില്ല.

കൂടാതെ, ദാവീദിന്റെ മരണശേഷം, ശലോമോനെ കൊന്ന് രാജത്വം പ്രാപിക്കാനുള്ള പദ്ധതി അദോനിയാവ് രൂപീകരിച്ചു. രാജമാതാവായ ബേത്ത്ശേബയുടെ ഏതൊരാഗ്രഹവും മകൻ സാധിച്ചുകൊടുക്കുമെന്ന് അദോനിയാവിനു അറിയാമയിരുന്നു. അവൻ അവളെ സമീപിച്ച് ദാവീദിന്റെ വാർദ്ധക്യകാലത്തെ പരിചാരികയായിരുന്ന അബീശഗിനെ ഭാര്യയാക്കാൻ ശലോമോന്റെ

അനുവാദം തേടി. അങ്ങനെ രാജത്വം സ്വന്തമാക്കാനായിരുന്നു അദോനിയാവിന്റെ പദ്ധതി. ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോൻ അദോനിയാവു ജീവിച്ചിരിക്കുന്നേടത്തോളം കാലം താൻ സുരക്ഷിതനല്ല എന്നു മനസ്സിലാക്കി, അവനെ കൊല്ലുവാൻ കല്പിച്ചു.

ഇസ്രയേലിലെ മധുര ഗായകനും, ദൈവത്താൽ അഭിഷേകം പ്രാപിക്കപ്പെട്ടവനുമായിരുന്ന ദാവീദിനോട് യഹോവയായ ദൈവം ഒരു ശാശ്വത നിയമം ചെയ്തു. 'ഭൂമിയിലുള്ള മഹാന്മാരുടെ പേർപോലെ ഞാൻ നിന്റെ പേർ വലുതാകും.... നിന്റെ ഗൃഹവും, നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും. നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും' (2 ശമു. 7: 9,16). യഹോവയായ ദൈവം വാഗ്ദത്തനിവൃത്തിക്കായി ദാവീദിന്റെ മകനായ ശലോമോനെ തിരഞ്ഞെടുത്തു. ദൈവം വിശ്വസ്തൻ. വാക്കു മാറാത്തവൻ.

ദാവീദോ, മക്കളെ മുഷിപ്പിക്കരുതെന്നുവച്ച് ശരിയായ മാർഗ്ഗത്തിൽ വളർത്തിയില്ല. അമ്നോൻ, അബ്ശാലോം, അദോനിയാവ് എന്നിവരുടെ അന്ത്യം എത്രയോ ശോചനീയം! ദാവീദു മക്കളെച്ചൊല്ലി വളരെയധികം ദുഃഖിച്ച പിതാവ്. മക്കളെ മുഷിപ്പിക്കാതിരിപ്പാൻ ഏലിയെപ്പോലെയും, ദാവീദിനെപ്പോലെയും അവരെ ശാസിക്കാതെയും, ശിക്ഷിക്കാതെയുമിരിക്കുന്നവർക്കു അയ്യോ കഷ്ടം! മക്കളെ അമിതമായി 'ഭയപ്പെടുകയും' 'ബഹുമാനിക്കയും' ചെയ്യുന്ന മാതാപിതാക്കൾ പലപ്പോഴും അവരെ മുഷിപ്പിക്കാതിരിക്കാനായി തെറ്റുകൾ കണ്ടാലും കേട്ടാലും മൗനം ആചരിക്കുന്നതിന്റെ അന്ത്യം ശോചനീയം! യഹോവയുടെ വചനങ്ങൾ മക്കൾക്കു ഉപദേശിച്ചുകൊടുക്കണമെന്നത് അവന്റെ കല്പനയാണ് (ആവർത്തനങ്ങൾ 6:6,7). നമ്മുടെ മക്കളെ ദൈവത്തിന്റെ പത്ഥ്യോപദേശത്തിലും, ശിക്ഷണത്തിലും വളർത്തുവാൻ കർത്താവു കൃപ ചെയ്യട്ടെ.

●


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ലോകത്തിന്റെ ഏതുഭാഗത്തുമുള്ള മലയാളിക്കും ഇന്റർനെറ്റുവഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കുന്നു. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം– ശുശ്രൂഷകൾ (തുടർച്ച)

**തോമസ് മത്തായി, ആനിക്കാട്**

## 2. മനുഷ്യരാശിയുടെ വീഴ്ചയിൽ സ്ത്രീ

പുരുഷൻ തലയായും അതോടൊപ്പം അവനുമായുള്ള സഖിത്വത്തിൽ ചേർന്നിരിപ്പാനും, സമത്വം നല്കിയാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചത് എന്ന് നാം ചിന്തിച്ചു കഴിഞ്ഞു. തുടർന്ന് മാനവരാശി പാപത്തിൽ നിപതിക്കുന്ന തിന് സ്ത്രീ വഹിച്ച പങ്കാളിത്തം എന്ത് എന്നും അതിന്റെ അനന്തരഫലവും ദുരന്തവും എപ്രകാരം ആയിരുന്നു എന്നും ചിന്തിക്കാം.

ജീവനുള്ളവർക്കെല്ലാം മാതാവും, ബലഹീനപാത്രവുമാകുന്ന ഹവ്വാ യുടെ അടുത്തേക്ക് എല്ലാ കാട്ടുജന്തുക്കളെക്കാളും കൗശലമേറിയ പാമ്പ് സമീപിച്ച് ബലഹീന മനസ്സിനെ ദൈവത്തോട് അനുസരണക്കേട് കാണി ക്കുവാൻ വശീകരിക്കുന്ന ചിത്രം ഉത്പത്തി. 3ൽ നാം വായിക്കുന്നു. പാമ്പ് സ്ത്രീയോട് പറഞ്ഞത് "നിങ്ങൾ മരിക്കയില്ല, നിശ്ചയം.... നിങ്ങളുടെ കണ്ണ് തുറക്കും... നന്മതിന്മകളെ അറിയും... ദൈവത്തെപ്പോലെ ആകും." ഉത്പ. 3:5. ഇത്രമാത്രം ഭൗതിക നന്മയും നേട്ടങ്ങളും ഭാവി വാഗ്ദാനവും ലഭിച്ചാൽ ഏതു സ്ത്രീയാണ് ആകർഷിക്കപ്പെടാത്തത്? ഇക്കാലങ്ങളിൽ "ഉദ്ദിഷ്ട കാര്യസാദ്ധ്യങ്ങൾക്കായി" ഭൗതിക കാര്യലബ്ധിക്കായി, വിവിധ ആദ്ധ്യാ ത്മിക മണ്ഡലങ്ങളിലെ ഭക്തികൂട്ടങ്ങളിൽ സ്ത്രീകൾ ധാരാളമായി കാണ പ്പെടുന്നതിന്റെ പിന്നിൽ മറഞ്ഞിരിക്കുന്ന വാസ്തവം ഇതല്ലാതെ മറ്റെന്താണ്? പാമ്പിന്റെ കൗശല– കുശലത്താൽ സ്ത്രീകൾ വശീകരിക്കപ്പെട്ടുപോകുന്നു." "......ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരും.... വീടുക ളിൽ നൂണുകടക്കയും... ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ... ദുർബുദ്ധിക ളും വിശ്വാസം സംബന്ധിച്ച് കൊള്ളരുതാത്തവരുമത്രേ." 2 തിമോ. 3:4–8.

"ആ വൃക്ഷഫലം... സ്ത്രീ പറിച്ചു തിന്നു ഭർത്താവിന് കൊടുത്തു. അവനും തിന്നു" ഉത്പ. 3:6. ആദ്യം നിർമ്മിക്കപ്പെട്ടത് അവൻ ആയിരുന്നു. അവൻ അവൾക്കായിരുന്നു ആദ്യം ഫലം കൊടുക്കേണ്ടിയിരുന്നത്. പക്ഷേ, അവൾ അവന് കൊടുത്തു. ഏതു വൃക്ഷത്തിന്റെ ഫലം എന്നുപോലും അന്വേഷി ക്കാതെ... അവനും തിന്നു! നായകത്വം അവൾ ഏറ്റെടുത്തു എന്ന് സാരം!

എത്രയോ ഘോരമായ വീഴ്ച... താഴ്ച.... ആകയാൽ ദൈവം സ്ത്രീയോട് കല്പിച്ചത്... നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും; അവൻ നിന്നെ ഭരിക്കും" ഉത്പ 3:16 സ്ത്രീയുടെ ആഗ്രഹവും ആശ്രയവും ഭർത്താവിനോട് ആയിരുന്നു എങ്കിൽ, അവൻ അവളെ ഭരിച്ചിരുന്നു എങ്കിൽ, ഇപ്രകാരം പാമ്പിനാൽ വശീകരിക്കപ്പെടുകയില്ലായിരുന്നു എന്നർത്ഥം.

സ്വാഭാവികമായി ദൈവം അവൾക്ക് നല്കിയ 'ആശ്രിത സ്ഥാനം' അവഗണിച്ചത് നിമിത്തം വന്ന് ഭവിച്ചതായ ദുരന്തം! ദൈവദത്തമായി ലഭിച്ച ആശ്രിത സ്ഥാനത്തോട് - വിശ്രമസ്ഥലത്തോട് - ആദമിനോട് - ആലോചിക്കാതെ, നായകത്വം നടത്തിയതിന്റെ പരിണതഫലം! (She acted in independence). ആകയാൽ ദൈവം പറഞ്ഞു: ഇവൾ ഭരിക്കപ്പെട്ടേ മതിയാകൂ.... സ്വന്ത ആലോചനപ്രകാരം ജീവിച്ചാൽ ആപത്താണ്. നേതൃത്വം ഇവൾ ഏറ്റെടുക്കുവാൻ പാടില്ല...

പുതിയ നിയമകാലത്ത് ഈ യാഥാർത്ഥ്യങ്ങൾ ദൈവസഭയിൽ എപ്രകാരം പ്രായോഗിമാക്കണം എന്നതിന്റെ വിശദീകരണമാണ്, 1 തിമോ. 2:11-15 വരെ നാം വായിക്കുന്നത്. "സ്ത്രീ മൗനമായിരുന്ന് പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ, ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല...." The woman must continue in quietness (ERV) "ആദാം അല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്."

രണ്ട് കാരണങ്ങളാൽ സ്ത്രീ ദൈവസഭയിൽ ഉപദേശിപ്പാൻ പാടില്ല എന്ന് ഇവിടെ കാണുന്നു. ഒന്നാമതായി സൃഷ്ടിയിൽ ആദമിനുള്ള മുൻസ്ഥാനം അഥവാ നായകത്വം (headship) രണ്ടാമതായി വഞ്ചിക്കപ്പെട്ട കാര്യത്തിൽ സ്ത്രീ ഒന്നാമതാകുകയും ചെയ്തു. ആദം തുറന്ന കണ്ണുകളോടെ കനി ഭക്ഷിച്ചതിനാൽ കൂടുതൽ കുറ്റക്കാരനാണ്. "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും" എന്ന് ദൈവം മനുഷ്യനോട് കല്പിച്ചപ്പോൾ ഹവ്വാ ശാരീരികമായി അടുത്ത് ഉണ്ടായിരുന്നില്ല ഉത്പ.2:16,17. യഹോവയായ ദൈവം മനുഷ്യന് ഗാഢനിദ്ര വരുത്തി, വാരിയെല്ലുകളിൽ ഒന്ന് എടുത്ത്, അതിനെ സ്ത്രീയാക്കി. അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു.

ദൈവത്തിൽ നിന്ന് നേരിട്ട് കേട്ടതും പ്രാപിച്ചതുമായ കല്പനകൾ എല്ലാം ആദം ഹവ്വയോട് പറഞ്ഞിട്ടുണ്ട് എന്നതിന് രണ്ട് പക്ഷമില്ല. "ദൈവിക പ്രമാണങ്ങൾക്ക്, അതർഹിക്കുന്ന മുഖവില ഹവ്വാ കൊടുത്തില്ല. നിസ്സാരമായി കരുതി, തന്മൂലം വഞ്ചിക്കപ്പെട്ടുപോയി. ഹവ്വായുടെ തീരുമാനത്തിനും അപേക്ഷക്കും ആദം വിധേയപ്പെട്ടുപോയി. "എന്നോട് സ്നേഹമില്ലാത്തതുകൊണ്ടല്ലേ ഞാൻ തരുന്നത് തിന്നാത്തത്?" .... ഇതേ ശൈലി ഉപയോഗിച്ചല്ലേ ഇന്നും അനേക ഭർത്താക്കന്മാരെ തങ്ങളുടെ ഭാര്യമാർ ദുരുപദേശത്തിലേക്ക് വലിച്ചിഴയ്ക്കുന്നത്?..... പാപിയായ ഹവ്വായുടെ അപേക്ഷ നിരസിച്ച് ആദമിന് വിശുദ്ധനായി ജീവിക്കാമായിരുന്നു. സ്ത്രീയുടെ അലക്ഷ്യമായ, വിവേകമില്ലാത്ത നായകത്വം നിമിത്തം മനുഷ്യകുലം വീഴുവാൻ ഇടയായതിനാൽ, ദൈവത്തിന്റെ ജ്ഞാനമേറിയ ഭരണകൂടമാകുന്ന സഭയിൽ സ്ത്രീയെ അധികാരം നടത്തുവാനും ഉപദേശിപ്പാനും അനുവദിക്കുന്നില്ല എന്നുള്ളത് സ്വർഗ്ഗീയ പദ്ധതി എന്നല്ലാതെ മറ്റെന്താണ്? ആകയാൽ, ദൈവസഭയിൽ സ്ത്രീ, നായകത്വ -പദവി- ശുശ്രൂഷകൾ ചെയ്യുവാൻ പാടില്ല എന്നുള്ള ദൈവത്തിന്റെ ശക്തവും വ്യക്തവുമായ താക്കീത് ഇവിടെ നാം മനസ്സിലാക്കുന്നു.

സർപ്പം ഹവ്വായെ ഉപായത്താൽ ചതിക്കുകയും, തന്മൂലം ആദമിന്റെ മനസ്സ് ദൈവിക പ്രമാണങ്ങളോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോവുകയും ചെയ്തു. "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന്, നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" സങ്കീ. 119:11.

"സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സദൃശം; അത് ഒരു സ്ത്രീ എടുത്തു... പുളിച്ചുവരുവോളം..." മത്താ.13:33. Type of introduction of corrupting principles എന്ന് ഒരു എഴുത്തുകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. സ്ത്രീ പുളിപ്പിച്ചു... പുരുഷനല്ല!

കഴിവുകളുടെ അടിസ്ഥാനത്തിലും, പൊതുവെയുള്ള ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലും, സ്ത്രീകൾക്ക് പുരുഷനോട് തുല്യമോ അതിനേക്കാൾ മെച്ചമായതോ ആയ ശ്രേഷ്ഠത അവകാശപ്പെട്ടേക്കാം. എന്നാൽ സ്ഥാനീയമായി പുരുഷൻ സ്ത്രീക്ക് മീതെയാണ്. ദൈവദാനമാകുന്ന സ്ഥാനത്തു നില്ക്കാതെ ശുശ്രൂഷയിൽ നിന്നും വ്യതിചലിച്ചുപോകുന്ന സ്ത്രീകൾ സാത്താന്റെ ഉപദേശങ്ങളിലേക്ക് വഴുതിപ്പോകുന്നു എന്നുള്ളത് ആധുനിക ക്രൈസ്തവ ഗോളത്തിൽ വന്നുഭവിച്ച സംഭവങ്ങൾ തെളിയിക്കുന്നു. ദുരുപദേശ സംഘടനകൾ എല്ലാം ആരംഭിച്ചതിന്റെ പിന്നിൽ സ്ത്രീകളാണ് എന്നുള്ളത് ചരിത്രസത്യമാണ്.

എന്നാൽ ദൈവം നല്കിയ സ്ഥാനത്ത് വസിച്ചുകൊണ്ട് ദൈവമഹത്ത്വത്തിനായി വളരെ അധികം പ്രവർത്തിച്ച ഭക്തിയുള്ള സ്ത്രീകളുടെ ചരിത്രങ്ങൾ വചനത്തിൽ ധാരാളമായി കാണുന്നുണ്ട്. ഈ സഭാകാലയളവിൽ വചന പരിധിക്കുള്ളിൽ വസിച്ച് ദൈവസഭയിൽ ശുശ്രൂഷകൾ ചെയ്യുവാൻ സഹോദരിമാർക്ക് ദൈവം കൃപ ചെയ്യട്ടെ.

(തുടരും)

## *സൗജന്യ വേദാദ്ധ്യയനം*

**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക്*

*എഴുതേണ്ട വിലാസം*

**The Director**

Good News Ministries

Akkulam Road, Trivandrum - 695 031

# ശവക്കല്ലറയിലെ പ്രാർത്ഥന

## *എൽസി ബേബി, ന്യൂ യോർക്ക്*

യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ പരസ്യമായും രഹസ്യമായും പ്രാർത്ഥിച്ചിട്ടുള്ളതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലാസറിന്റെ കല്ലറയുടെ സമീപം നിന്നുകൊണ്ടു പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണു നമ്മുടെ ചിന്താവിഷയം.

“പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു” (യോഹ. 11:40–42). എന്തൊരു പ്രാർത്ഥന! ഇതിന്റെ ആഴത്തിലേക്കൊന്നു ഇറങ്ങി അതിലടങ്ങിയിരിക്കുന്ന പ്രാർത്ഥനയുടെ ശക്തി നമുക്കൊന്നു പരിശോധിക്കാം.

യേശു സ്നേഹിച്ച ലാസറിന്റെ ഭവനാങ്കണം പലപ്പോഴും യേശു ആ വീട്ടിൽ കയറിയിറങ്ങി അവരുടെ അതിഥിസത്ക്കാരം സ്വീകരിച്ചിട്ടുണ്ട്. അവരോടു സംസാരിച്ചിട്ടുണ്ട്. വചനം പറഞ്ഞു പഠിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു ഭവനത്തിൽ തന്റെ സ്നേഹിതനായ ലാസർ രോഗിയായപ്പോൾ ആ സഹോദരിമാർ യേശുവിനെ വിവരം അറിയിച്ചതാണ്– പ്രാർത്ഥിച്ചതാണ് – യേശു വന്നില്ല. രോഗസൗഖ്യം നല്കിയില്ല. മരിച്ചപ്പോൾ വിവരമറിച്ചു. വന്നില്ല. ഉയിർത്തെഴുന്നേല്പിച്ചില്ല– ശവമടക്കിനും എത്തിയില്ല. എത്രയോ നിരാശാജനകമായ ഒരവസ്ഥ! കല്ലറയിൽ വച്ചു നാലുനാൾ കഴിഞ്ഞു. യാതൊരു വിധത്തിലും അടുക്കാൻ പറ്റാത്ത അവസ്ഥയിൽ യേശു കല്ലറവാതില്ക്കൽ നില്ക്കുന്നു. ചുറ്റും പുരുഷാരം യേശുവിനെ പുച്ഛിച്ചുകൊണ്ടു നില്ക്കുന്നു. ചിലർ അവനെ കല്ലെറിയാനുള്ള ഭാവത്തിൽ നില്ക്കുന്നു. ചിലർ കരഞ്ഞു ഹൃദയം കലങ്ങി സംശയിച്ചു നില്ക്കുന്നു. യേശുവിന്റെ ശിഷ്യന്മാർപോലും ആപത്തുണ്ടായാൽ ഓടി രക്ഷപെടാനുള്ള ഭാവത്തിലായിരിക്കണം അവിടെ നില്ക്കുന്നത്. കരയുന്ന മാർത്തയെയും മറിയയെയും യേശു ആശ്വസിപ്പിച്ചു. അവരോടൊപ്പം കണ്ണുനീർ വാർത്തു. ‘വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്ത്വം കാണും. ലാസർ ഉയിർത്തെഴുന്നേല്ക്കും’ എന്നൊക്കെ യേശുക്രിസ്തു പറഞ്ഞെങ്കിലും അവർക്കതൊന്നും ഉൾക്കൊള്ളാൻ കഴിയുന്നില്ല. ‘ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവനാരും ഒരുനാളും മരിക്കയില്ല’ എന്നൊക്കെ പറഞ്ഞപ്പോൾ പുനരുത്ഥാനം ഇല്ല ദൂതനും ആത്മാവും ഇല്ല’ എന്നു വിശ്വസിക്കുന്ന സദൃക്യരും, ഇവ രണ്ടും ഉണ്ടെന്നു വിശ്വസിക്കുന്ന പരീശന്മാരും അവിടെയുണ്ടായിരുന്നു (പ്രവൃത്തി 23:8).

എന്താണു സംഭവിക്കാൻ പോകുന്നതെന്നറിയാതെ ദുഃഖിച്ചും, പരിഭ്രമിച്ചും, സംശയിച്ചും, അവിശ്വസിച്ചും നില്ക്കുന്ന ജനസമൂഹത്തിന്റെ മദ്ധ്യേ നിന്നുകൊണ്ടുള്ള യേശുവിന്റെ പ്രാർത്ഥന പിതാവു കേട്ടു. ഉത്തരമരുളി. ശവക്കല്ലറയിലിരുന്ന, മരിച്ചു നാറ്റംവച്ചു ലാസറിന്റെ ശരീരം ഉയിർത്തെഴുന്നേറ്റു. ബാക്കിയുള്ള കാര്യങ്ങളിലേക്കല്ല നമ്മുടെ ശ്രദ്ധ യേശുവിന്റെ പ്രാർത്ഥന എപ്പോഴും കേൾക്കുന്ന ഒരു പിതാവു ഇന്നും ജീവിക്കുന്നു.

ക്രിസ്തു നമ്മിൽ വസിക്കുന്നുവെങ്കിൽ നമുക്കും ഇതുപോലെ പ്രാർത്ഥിക്കുവാൻ സാധിക്കും. നാം ദൈവശബ്ദം കേൾക്കാറുണ്ടോ? നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ട്. നാം ദൈവശബ്ദം കേൾക്കുന്നവരായിരിക്കണം. പ്രകൃതിയിൽകൂടെയും, സാഹചര്യങ്ങളിൽകൂടെയും, തിരുവചനത്തിൽകൂടെയും ദൈവം നമ്മോടു സംസാരിക്കുന്നതു നാം പലപ്പോഴും കേൾക്കാറില്ല. കാരണം നമ്മുടെ ശ്രദ്ധ മറ്റു പല വിഷയങ്ങളിലാകുന്നു. പിതാവും പുത്രനും ഒന്നാകുന്നു. അവർ തമ്മിൽ എപ്പോഴും സമ്പർക്കമുണ്ട്. പിതാവിനെ കൂടാതെ പുത്രന് ഒന്നും ചെയ്യാനാവില്ല. അതുപോലെ തന്നെയുള്ള ഒരു അഭേദ്യബന്ധം നമുക്കും ഉണ്ടായിരിക്കണം. ഏകാഗ്രഹൃദയത്തോടെ കർത്തൃപാദത്തിലിരുന്നു തിരുവചനം ധ്യാനിച്ചു കർത്താവുമായി ഐക്യപ്പെട്ടു ആത്മാവിലാകുന്ന അനുഭവമുണ്ടാകുമ്പോൾ തീർച്ചയായും ദൈവാത്മാവിന്റെ ശബ്ദം നാം ശ്രവിക്കും. നമ്മുടെ പ്രാർത്ഥന പിതാവും കേൾക്കും. കർത്താവ് എപ്പോഴും എന്റെ പ്രാർത്ഥന കേൾക്കുന്നു എന്ന ഉറപ്പും വിശ്വാസവും നമുക്കുണ്ടായിരിക്കണം. നീണ്ട നീണ്ട ജല്പനങ്ങൾ നിറഞ്ഞ പ്രാർത്ഥനയിലല്ല, ആത്മാവു നിറഞ്ഞു പ്രാർത്ഥിക്കുന്ന ചുരുങ്ങിയ പ്രാർത്ഥന! 'കർത്താവേ അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു' എന്ന മനോഭാവത്തോടെയുള്ള പ്രാർത്ഥന! ദൈവസന്നിധിയിൽ ധ്യാനനിരതരായി കഴിയുമ്പോൾ നാം ചെയ്യേണ്ടതും, പ്രാർത്ഥിക്കേണ്ടതും എങ്ങനെയാകുന്നുവെന്നു നാമറിയും. ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ ദൈവാത്മാവു നമ്മെ സഹായിക്കും. ദൈവിക സാന്നിധ്യവും സാമീപ്യവും നാം മനസ്സിലാക്കുവാൻ തിരുവചനധ്യാനം നമ്മെ സഹായിക്കും. അതുകൊണ്ട് മരിച്ചവരെ ഉയിർപ്പിക്കുവാനൊന്നും പ്രാർത്ഥിപ്പാനിടയാകയില്ല. യേശു പ്രാർത്ഥിച്ചതും ലാസറിനെ ഉയിർപ്പിച്ചതും ദൈവഹിതപ്രകാരവും, ദൈവോദ്ദേശ്യപ്രകാരവുമായിരുന്നു. കർത്താവുമായുള്ള വ്യക്തിപരമായ ബന്ധം പുലർത്തുക എന്നായിരിക്കട്ടെ നമ്മുടെ ജീവിതോദ്ദേശ്യം. ദൈവഹിതപ്രകാരം മാത്രം ജീവിക്കുവാൻ, പ്രവർത്തിക്കുവാൻ, പ്രാർത്ഥിക്കുവാൻ നമുക്ക് അവന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കാം. കർത്താവു കൃപ ചെയ്യട്ടെ.

●

# സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർ

***അന്നമ്മ സി. ജോൺ, തിരുവനന്തപുരം***

നസ്രേത്തിലെ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടർ ബിരുദം സമ്പാദിച്ച് എല്ലാം ചേതമെന്നു എണ്ണി മനുഷ്യവർഗ്ഗത്തെ വലുപ്പച്ചെറുപ്പമില്ലാതെ കണ്ട് സ്വന്തജീവനെയും നല്കി സ്നേഹിച്ച ആ ഡോക്ടറെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തട്ടെ.

അതിനുമുമ്പായി എന്റെ കാര്യം: ആറുമാസത്തിനിടയിൽ മൂന്നു മേജർ ഓപ്പറേഷനുകൾക്കു വിധേയയായ ഒരു വ്യക്തിയാണു ഞാൻ. മരണവുമായി മല്ലിട്ട ഞാൻ, അത്ഭുതമെന്നു പറയട്ടെ രക്ഷ പ്രാപിച്ചു. അതൊരു ചെറിയ സർജറി ആയിരുന്നില്ല. ഒൻപതു മണിക്കൂർ നീണ്ട ഒരു ഹാർട്ട് ഓപ്പറേഷൻ, ഹിപ്പ് ഭാഗികമായി മാറ്റിവയ്ക്കൽ ഉൾപ്പെടെ 2 ഹിപ്പ് ഓപ്പറേഷൻ ഇവയ്ക്കാണു ഞാൻ വിധേയയായത്. ഞാൻ നടക്കാൻ തുടങ്ങിയിട്ടില്ല എങ്കിലും എനിക്കു ഭാരമില്ല, ദൈവം അവിടത്തെ സമയത്ത് എന്നെ എഴുന്നേല്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ജീവൻ വച്ചിടും രക്ഷകനായ് അന്ത്യശ്വാസം വരെയും എന്ന് എല്ലാവരും പാടും. ഒന്നു നാം മനസ്സിലാക്കണം. കഷ്ടം അനുഭവിക്കുന്നതിനു ദൈവജനത്തിനു വരമുണ്ട്. നമുക്കു മുന്നമേ ജീവിച്ചിരുന്ന പ്രവാചകന്മാരും കർത്താവിന്റെ ശിഷ്യന്മാരും വളരെ കഷ്ടം അനുഭവിച്ചവരാണ്. അവരുടെ മരണവും സ്വാഭാവിക മരണമല്ലായിരുന്നു. കഷ്ടം സഹിപ്പാനുള്ള വരം നല്കിയതു ഞാൻ സന്തോഷത്തോടെ സഹിക്കുന്നു.

എന്റെ ഡോക്ടർ സാധുവായി ജീവിച്ചു. അദ്ദേഹത്തിനു മരിച്ചവരെ ഉയിർപ്പിക്കാനും കഴിവുണ്ടായിരുന്നു. ഇപ്പോൾ മനുഷ്യർ ജീവസന്ധാരണത്തിനും കീശവീർപ്പിക്കുന്നതിനും വേണ്ടി മരിച്ചവരെ ഉയിർപ്പിക്കുന്നു. രോഗികളെ സൗഖ്യമാക്കുന്നു എന്നൊക്കെ അവകാശപ്പെടുന്നു. ക്രിസ്തുമാർഗ്ഗം ഇന്നു ഒരു കമ്പോളമായി മാറിയിരിക്കുന്നു.

യേശുക്രിസ്തുവാകുന്ന വലിയ ഡോക്ടർക്കു തന്റെ ജീവനെ ഇത്രയും വേദനിപ്പിക്കാതെ സൂക്ഷിക്കുവാനും കഴിയുമായിരുന്നു. അതെല്ലാം പിതാവിന്റെ ഹിതമായിരുന്നു. അതൊന്നും സംഭവിക്കാതെ ഇരുന്നെങ്കിൽ അനേകർ യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ പ്രവർത്തിച്ച് പണമുണ്ടാക്കുന്ന പദ്ധതിയിൽ ആകയില്ലായിരുന്നു. ഒരു രോഗിക്കു വൈദ്യനെ ആവശ്യമാണ്. യേശുക്രിസ്തുവാകുന്ന ഡോക്ടർ ആരോടും പണം വാങ്ങാതെയാണ് മരിച്ചവരെ ഉയിർപ്പിച്ചതും രോഗികളെ സൗഖ്യമാക്കിയതും. ഇന്നത്തെ കാലത്ത് ഡോക്ടർക്കു വീട്ടിൽ കൊണ്ടുചെന്ന് പൈസാ കൊടുത്തില്ലെങ്കിൽ രോഗിയെ തിരിഞ്ഞു നോക്കുകയില്ല. ദൈവം ഒരുവനു ബുദ്ധി നല്കിയിട്ടല്ലേ അയാൾ ഡോക്ടറായത്? കൈക്കൂലി വാങ്ങാതെ അർഹിക്കുന്നവർക്കെങ്കിലും സേവനം നല്കരുതോ? ഓപ്പറേഷൻ ടേബിളിൽ രോഗിയെ കിടത്തിയശേഷം കൈക്കൂലിക്കു വിലപേശി പോരാഞ്ഞ് രോഗിയെ ഓപ്പറേറ്റു ചെയ്യാതെ ഇറക്കിവിട്ട വാർത്ത ശ്രദ്ധയിൽപ്പെടുകയുണ്ടായി. നാമൊന്നു ചിന്തിക്കുക: കീഹോൾ സർജറി ഇന്നൊരു ചെറിയ ആസ്പത്രിയിൽ പോലും നടത്തു

മ്പോൾ, അതിവിടെയില്ല എന്നു പറഞ്ഞ് ഒഴിയുന്നത് നമ്മുടെ മെഡിക്കൽ കോളേജ് ആസ്പത്രിക്ക് അപമാനമല്ലേ?

എന്റെ കർത്താവിന്റെ ബിരുദം പേരുകേട്ട യൂണിവേഴ്സിറ്റിയിൽ നിന്നുള്ളതല്ല. എങ്കിലും ഏതു രോഗവും സൗഖ്യമാക്കുവാൻ കഴിഞ്ഞു. കണ്ണ്, മൂക്ക്, പല്ല്, തൊണ്ട ഇവയ്ക്കെല്ലാം സ്പെഷ്യലൈസ് ചെയ്ത് ഡിഗ്രി സമ്പാദിക്കുന്നവർ അതിന്റെ ഫീസും ഈടാക്കുന്നു. രോഗികളുടെ പരമവൈദ്യനായ യേശുക്രിസ്തു വിശ്വാസത്തോടുകൂടെ തന്നെ സമീപിക്കുന്ന ഏവർക്കും സൗജന്യമായി സൗഖ്യം നല്കുന്നു. യാക്കോബ് അപ്പൊസ്തലൻ പറയുന്നത് ഇപ്രകാരമാണ്: വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേല്പിക്കും. (യാക്കോബ് 5:15). കർത്താവായ യേശുക്രിസ്തു അരക്കാശിനു മുതലും തല ചായ്പാൻ ഇടവുമില്ലാതെ ഈ ലോകത്തിൽ സഞ്ചരിച്ച് രോഗികൾക്കു സൗഖ്യം, മരിച്ചവർക്കു ജീവൻ ഇവയെല്ലാം നല്കി. മരണത്തിന്മേലും ജനനത്തിന്മേലും അധികാരമുള്ള ഒരാൾപോലും ഭൂമിയിൽ ഇല്ല (വേദപുസ്തകം). ആർക്കും അധികാരം കൊടുത്തിട്ടുമില്ല. എന്നാൽ കർത്താവു ചെയ്തതിലും അധികം ചെയ്യുമെന്നു പറഞ്ഞ് ചിലർ ഇറങ്ങിയിട്ടുണ്ട്. നാട്ടുകാർക്കു സൗഖ്യം നല്കും. പക്ഷേ, സ്വന്ത വീട്ടിൽ രോഗം വരുമ്പോൾ അഭയം ആസ്പത്രി തന്നെ. യേശു കർത്താവു അറിയാതെ തലയിൽ ഒരു രോമം പോലും നിലത്തു വീഴുകയില്ല. അതും താൻ എണ്ണി അറിഞ്ഞിരിക്കുന്നു (വേദപുസ്തകം). ദൈവം അറിയാതെയോ ഇതൊക്കെ സംഭവിക്കുന്നത്? പൊട്ടക്കണ്ണൻ മാവേൽ എറിയുന്നതുപോലെയാണ് ഇന്ന് അനേകരും ചികിത്സിക്കുന്നത്. എന്നാൽ, യേശു രോഗം അറിഞ്ഞ് ചികിത്സിക്കുന്നു. സ്വന്തജനം തന്നെ അവനു ക്രൂശു കൊടുത്തു. ആദാമിനു ഗാഢനിദ്ര നല്കി ഉറക്കിയശേഷം തന്റെ വാരിയെല്ലിൽ നിന്നും ഹവ്വയെ സൃഷ്ടിച്ചു. ഈ ദൈവത്തെ കണ്ടെത്താൻ ആരും ബദ്ധപ്പെടുന്നില്ല. ടെസ്റ്റ് ട്യൂബിൽ ശിശുക്കളെ ജനിപ്പിക്കുന്നതായി നമുക്കറിയാം. എന്നാൽ സ്ത്രീയുടെ അണ്ഡവും പുരുഷബീജവും ചേരാതെ ഒരു ശിശുവിനെ ജനിപ്പിക്കുവാൻ സാധ്യമോ? എന്നാൽ ദൈവം നിലത്തെ പൊടിയിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിച്ചത്.

ന്യായവിധിദിവസത്തിൽ മനുഷ്യൻ ചെയ്യുന്ന ചെറിയ പ്രവൃത്തിക്കും കണക്കു ചോദിക്കും. ടെസ്റ്റ് ട്യൂബിൽ ശിശുക്കളെ ജനിപ്പിക്കാൻ അധികാരം എവിടെ നിന്നു ലഭിച്ചു? എന്റെ വചനം നിന്റെ വായിൽ എടുപ്പാൻ എന്തു കാര്യം. മനുഷ്യനെ സൃഷ്ടിക്കാനുള്ള അധികാരം ദൈവം മനുഷ്യന് നല്കിയിട്ടില്ല. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടി നമുക്കു വേണ്ടതെല്ലാം അവൻ നല്കും (വേദപുസ്തകം).

ഇന്നും യേശുക്രിസ്തു രോഗികൾക്കു സൗഖ്യം നല്കുന്നു. അവിടത്തെ ചെവി മന്ദമല്ല; കഴിവിനു പരിമിതിയില്ല; മനസ്സലിവിന്റെ മഹാദൈവമല്ലോ. ഈ സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടറെ താങ്കൾക്കു പരിചയപ്പെടുത്തുന്നതിൽ ഞാൻ അതീവസന്തുഷ്ടയാണ്.

***************

# കെരൂബിൻ്റെ ചിറകുകൾ

***ജെസി ബെൻസെൻ, കൊച്ചി***

യെഹെസ്കേൽ പ്രവാചകൻ കെബാർ നദീതീരത്തുവച്ചു കണ്ട ദർശനത്തിലെ കെരൂബുകൾക്കു നാലു ചിറകുകൾ ഉണ്ടായിരുന്നു. "അവയുടെ ചിറകുകൾ മേൽഭാഗം വിടർന്നിരുന്നു; ഈരണ്ടു ചിറകു തമ്മിൽ തൊട്ടും ഈരണ്ടു ചിറകുകൊണ്ട് ശരീരം മറച്ചും ഇരുന്നു" എന്നും (യെഹെ:1:11) വിതാനത്തിനു കീഴെ അവയുടെ ചിറകുകൾ നേർക്കുനേരെ വിടർന്നിരുന്നു; അതതിന്റെ ശരീരത്തെ ഈ ഭാഗവും ആ ഭാഗവും മൂടുവാൻ ഓരോന്നിനും ഈരണ്ടുണ്ടായിരുന്നു" (യെഹെ:1:23) എന്നും നാം വായിക്കുന്നു.

കെരുബിന്റെ രണ്ടു ചിറകുകൾ. ആത്മാവിനു പോകേണ്ടിയ ഇടത്തേക്കു ഒക്കെയും പോകേണ്ടതിനു പറന്നുയരുന്നതിനുള്ളതായിരുന്നുവെങ്കിൽ മറ്റു രണ്ടു ചിറകുകൾ ശരീരം മറയ്ക്കുന്നതിനുള്ളതായിരുന്നു എന്ന് വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. അതായത്, ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിലേക്കു ഉയർന്നു പൊങ്ങുവാൻ രണ്ടും, സ്വയം മറയ്ക്കുവാൻ രണ്ടും എന്നിങ്ങനെ നാലു ചിറകുകളായിരുന്നു അവയ്ക്കുണ്ടായിരുന്നത്.

"അവൻ കെരൂബിനെ വാഹനമാക്കി പറന്നു (സങ്കീ. 18:10) എന്നു രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ദൈവഹിതത്തിനൊത്തവണ്ണം ദൈവാത്മാവിനു വിധേയപ്പെട്ട് സഞ്ചരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവരാണു നാമും. ദൈവാത്മാവിനു പോകേണ്ടിയ ഇടത്തേക്ക് ഒക്കെയും പോകേണ്ടതിനു അവയ്ക്കുണ്ടായിരുന്നതുപോലെ രണ്ടു ചിറകുകൾ നമുക്കും ആവശ്യമാണ്. ദൈവസിംഹാസനത്തിനു ചുവട്ടിൽ ആയിരിക്കയും അവിടെനിന്നു പുറപ്പെടുന്ന നാദത്തിനു കാതോർക്കയും ചെയ്തെങ്കിലേ ദൈവഹിതം ഗ്രഹിക്കുവാനും അതിനനുസരിച്ച് ഉയർന്നു പൊങ്ങുവാനും സാധിക്കയുള്ളൂ. ദൈവശബ്ദം കേൾപ്പാൻ കഴിയുന്നത്ര അടുത്ത് ആ സിംഹാസനത്തിന്റെ ചുവട്ടിൽ തന്നെ നാം കാണപ്പെടണം. പ്രാർത്ഥനയിലൂടെയും വചനധ്യാനത്തിലൂടെയും ആണ് നമുക്കു ദൈവസിംഹാസനത്തിന്റെ ചുവട്ടിലിരുന്ന് ദൈവഹിതം അറിയുവാൻ കഴിയുന്നത്. ആ രണ്ടു ചിറകുകളാണ് ദൈവാത്മാവിനു പോകേണ്ടിയ ഇടത്തേക്കും നിലവാരത്തിലേക്കും ഉയർന്നുപൊങ്ങുവാൻ നമുക്കു ഇടവരുത്തുന്നത്.

ശരീരം മറയ്ക്കുന്നതിനും കെരൂബുകൾക്ക് രണ്ടു ചിറകുകൾ നല്കപ്പെട്ടിരുന്നു. അക്ഷരാത്ഥത്തിൽ ശരീരം മറയ്ക്കുന്നതിന്റെ ആവശ്യകത പ്രത്യേകം പറയുവാൻ ആവശ്യമില്ല. എന്നാൽ ആത്മികമായും നാം സ്വയത്തെ മറയ്ക്കേണ്ടത് ആവശ്യമാണ്. ജീവിതത്തിൽ സ്വന്തപദ്ധതികൾക്കും ഇഷ്ടങ്ങൾക്കും സ്ഥാനം നല്കാത്തവണ്ണം ദൈവഹിതത്തിനുവേണ്ടി അവയെ മറയ്ക്കുകയും വിധേയപ്പെടുത്തേണ്ടതും ആണ്. ദൈവത്തിനു നമ്മെക്കുറിച്ച് സുരക്ഷിതവും നിശ്ചിതവുമായ ഒരു പദ്ധതിയുണ്ട്. അതിനു വിധേയപ്പെട്ടു കൊടുക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. അത് ദൈവഹിതത്തിനായി സ്വയം സമർപ്പിക്കലാണ്. നമ്മുടെ ഇഷ്ടങ്ങൾ, ആഗ്രഹങ്ങൾ, പദ്ധതികൾ, അഭിപ്രാ

(ശേഷം 27-ൽ)

# കൗമാരപ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

**ഇവാ. ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ**

കൗമാരംപോലെ വികാരവിക്ഷോഭമായിട്ടുള്ള ഒരു ജീവിതകാലഘട്ടം വേറെയില്ല. അവന്റെ ജീവിതത്തെ തകർക്കാൻ മാതാപിതാക്കളോ അദ്ധ്യാപകരോ പറയുന്ന ഒരു വാക്ക് കൊണ്ട് കഴിയും. അതുപോലെ ജീവിത സമരത്തിൽ അവനെ ഒരു ഉജ്ജ്വല പോരാളിയാക്കി മാറ്റുവാനും നാം ഉപയോഗിക്കുന്നു വാക്കുകൾക്ക് സാധിക്കും. കൗമാരക്കാരന്റെ പ്രശ്നങ്ങൾക്ക് അവനെ ഉപദേശിച്ച് നന്നാക്കാമെന്ന് നാം വിചാരിക്കണ്ട. ഏതാണ്ട് ബാല്യകാലം കഴിയുന്നതിന് മുമ്പ്തന്നെ ഉപദേശങ്ങളെക്കുറിച്ച് അവന് ഒരു ധാരണ കിട്ടിക്കഴിഞ്ഞു. കൗമാരത്തിൽ മുതിർന്നവരുടെ ഉപദേശത്തിന് പലപ്പോഴും നെഗറ്റീവ് ഫലമാണുണ്ടാകുക.

ഇവിടെ കൗമാര പ്രശ്നങ്ങൾ എന്ന പേരിൽ നമ്മൾ ചർച്ചചെയ്യുന്ന കാര്യങ്ങളിൽ പലതും യഥാർത്ഥത്തിൽ പ്രശ്നങ്ങളല്ല. പ്രത്യുത കൗമാരത്തിന്റെ സവിശേഷതകൾ മാത്രമാണ്. എന്നാൽ അവ ഗുരുതരമായ പ്രശ്നങ്ങളായിട്ടാണ് കൗമാരക്കാരനും ചിലപ്പോൾ അവന്റെ മാതാപിതാക്കൾക്കും അനുഭവപ്പെടുന്നത്. കൗമാരക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ചർച്ച ചെയ്യുമ്പോൾ ഓർക്കേണ്ട ഒരു കാര്യം ഈ പരിഹാര നിർദ്ദേശങ്ങൾ പാലിക്കേണ്ടത് കൗമാരക്കാർ മാത്രമല്ല. കൗമാരക്കാരനുമായി ബന്ധപ്പെടുന്ന മറ്റുള്ളവർക്കു കൂടിയാണ് ഇതെഴുതുന്നത്. തന്റെ പ്രായത്തിന്റെ പ്രത്യേകതകൾ കൗമാരക്കാരൻ മനസ്സിലാക്കുന്നത് അവന്റെ മനഃസംഘർഷത്തിന്റെ തോത് കുറക്കുവാൻ സഹായിക്കും. അതുപോലെ കൗമാരക്കാരനെ തലതെറിച്ചവൻ എന്ന പേര് പറഞ്ഞ് അടിച്ചമർത്താൻ ശ്രമിക്കാതെ അവന്റെ വികാരങ്ങളെ ഉൾക്കൊണ്ട് മുതിർന്നവരും പെരുമാറിയാൽ കുടുംബത്തിലും സമൂഹത്തിലും സമാധാനമുണ്ടാകും.

കൗമാരക്കാരന്റെ പ്രശ്നങ്ങൾ നിരവധിയാണ്. ഇതിൽ ചിലതൊക്കെ പ്രായമായവർ ചിരിച്ചു തള്ളുന്ന കേസുകളാണ്. എന്നാൽ കുട്ടികൾക്ക് ഇത് ജീവൽമരണ പ്രശ്നമാണ്. കൗമാരക്കാർക്കായുള്ള കൗൺസിലിംഗ് ക്ലാസ്സുകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന ചില പ്രശ്നങ്ങളാണ് ഇവിടെ നമ്മൾ ചർച്ച ചെയ്യുന്നത്.

### 1. അപകർഷതാ ബോധം

കൗമാരക്കാർക്കുള്ള ക്ലാസ്സുകളിൽ സ്ഥിരമായി കേൾക്കുന്ന ഒരു പരാതിയാണ് എനിക്ക് ഒന്നിനും കഴിവില്ല എന്നുള്ളത്. നല്ല മിടുക്കന്മാർ പോലും മത്സരപരീക്ഷകൾ എഴുതാൻ മടിക്കുന്നത് കാണാം. ശൈശവ പ്രായം മുതൽ കുട്ടികൾ മാതാപിതാക്കളുടെ അമിത സംരക്ഷണത്തിൽ കഴിയുന്നതിന്റെ ഫലമായി കുട്ടികൾക്ക് അപകർഷതാബോധം ഉണ്ടാകാനിടയുണ്ട്. കുട്ടികൾക്ക് സ്വയം പര്യാപ്തതയോടുകൂടി വളരുവാൻ അനുവദിക്കാത്തതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. അമിതമായ സംരക്ഷണം പോലെ തന്നെ അമിതമായ ശിക്ഷയും കുട്ടികളെ അപകർഷാബോധമുള്ളവരാക്കി മാറ്റും. പലകുട്ടികളും തങ്ങൾക്ക് ഇല്ലാത്ത കുറ്റവും കുറവുകളും സങ്കല്പിച്ചുണ്ടാക്കി

വളർച്ച മുരടിച്ചിരിക്കുന്നത് കാണാം. ആൺകുട്ടികളാണെങ്കിൽ നല്ല മസിലുള്ള ശരീരമില്ലാത്തതുകൊണ്ട് ദുഃഖിക്കുന്നവരെ കാണാം. പല്ല് പൊന്തിയതാണെന്നും അതുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത് ശരിയല്ലെന്നും കരുതുന്നവരുണ്ട്. പെൺകുട്ടികളാണെങ്കിൽ തനിക്ക് കളർ കുറഞ്ഞുപോയെന്നും വേണ്ടത്ര സൗന്ദര്യമില്ലെന്നും വ്യാകുലപ്പെടുന്നവരുണ്ട്. ഇല്ലാത്ത കുറവുകൾ കൊണ്ട് ചുറ്റും മതിൽ ഉണ്ടാക്കി അതിനുള്ളിൽ ജീവിതത്തെ തളച്ചിടാൻ ചില കുട്ടികൾ ശ്രമിക്കും. ഇങ്ങനെയുള്ള സ്വയം നിർമിത മതിൽകെട്ടുകൾ പൊളിച്ചുകളഞ്ഞ് മുന്നോട്ടു കുതിക്കുവാൻ കൗമാരക്കാരനെ സഹായിക്കുവാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും കഴിയണം. കുട്ടികൾ ചിന്തിക്കുന്നതിനും അപ്പുറം കഴിവുകൾ നല്കിയാണ് ദൈവം അവരെ ഭൂമിയിലേക്ക് അയച്ചതെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. ഒരു സാധാരണ വ്യക്തിക്ക് ദൈവം നല്കിയ ആയിരക്കണക്കിന് കഴിവുകളിൽ എട്ടോ, പത്തോ കാര്യങ്ങളിൽ മാത്രമാണ് നമ്മൾ കുറെയെങ്കിലും പരിശ്രമിക്കുന്നത്. നീ നല്ല കഴിവുള്ളവനാണെന്ന് പറഞ്ഞതുകൊണ്ട് കൗമാരക്കാരൻ അത് വിശ്വസിക്കില്ല. അവന്റെ ഓരോ ചെറിയ നേട്ടങ്ങളെയും പ്രശംസിക്കുകയും അഭിനന്ദിക്കുകയും വേണം. അവന്റെ പരാജയങ്ങളിൽ അവന് മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്ന സ്നേഹവും സാന്ത്വനവും അവനെ പിന്നെയും പരിശ്രമിക്കുന്നതിന് പ്രേരിപ്പിക്കും. എന്നാൽ പരാജയങ്ങളിൽ പരിഹാസവും ശിക്ഷയുമാണ് ലഭിക്കുന്നതെങ്കിൽ സമ്പൂർണ്ണ തകർച്ചയാണ് ഫലം.

കൗമാരക്കാർക്ക് അവരുടെ ധാരണയ്ക്കപ്പുറം കഴിവുകളുണ്ടെന്ന് തെളിയിക്കുന്നതിന് ചില ലളിതമായ ടെസ്റ്റുകൾ കൊടുക്കാവുന്നതാണ്. (ചില ടെസ്റ്റുകളുടെ മാതൃക കൗൺസിലിംഗ് ക്ലാസ്സുകളിൽ നല്കുന്നതാണ്.)

## 2. പഠിച്ചതൊന്നും ഓർക്കാനും കഴിയുന്നില്ല.

കൗമാരക്കാരന്റെ ഒരു പ്രധാന പ്രശ്നമായി അവർ പറയുന്നത് പഠിച്ചതൊന്നും ഓർക്കാൻ കഴിയുന്നില്ല എന്നതാണ്. വാസ്തവത്തിൽ അവർ പഠിച്ചു എന്ന് പറയുന്നത് പലപ്രാവശ്യം വായിച്ചു എന്ന അർത്ഥത്തിലാണ്. ഓർമ്മക്കുറവ് എന്ന അസുഖം ഈ പ്രായത്തിലുള്ള കുട്ടികളിൽ സാധാരണ ഉണ്ടാകാറില്ല. അവരുടെ ഓർമ്മയിൽ വസ്തുതകളെ സേവ് ചെയ്തില്ല എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. കുട്ടികളുടെ തലച്ചോറിൽ വായിക്കുന്ന കാര്യങ്ങൾ ശേഖരിച്ചുവയ്ക്കുവാനും വേണ്ട സമയത്ത് പുറത്തെടുക്കുവാനും കഴിയണം. ഇങ്ങനെ ഓർമ്മയിൽ സൂക്ഷിക്കുവാൻ കഴിയാത്ത തരത്തിൽ ചില തടസ്സങ്ങൾ ഉണ്ടായെന്നു വരാം. ഉദാഹരണത്തിന് വീട്ടിലെ സമാധാനമില്ലാത്ത അവസ്ഥയിൽ വായിക്കുന്നതൊന്നും തലയിൽ കയറില്ലെന്നുവരാം. അതുപോലെ അതിരുകടന്ന ലൈംഗിക ചിന്തകൾ, ടെൻഷൻ എന്നിവ കാരണവും മറവി സംഭവിക്കാം.

കുട്ടികളിൽ ലക്ഷ്യബോധമുണ്ടാക്കുക എന്നതാണ് ഇതിനൊരു പരിഹാരമാർഗ്ഗം. താൽക്കാലിക ലക്ഷ്യവും ദീർഘകാല ലക്ഷ്യവും ജീവിതത്തിൽ ഉണ്ടായിരിക്കണം. ടെൻഷൻ ഉണ്ടാക്കുന്ന സാഹചര്യങ്ങളിൽ നിന്ന് വിട്ടുനില്ക്കുവാൻ കുട്ടികളെ ശീലിപ്പിക്കണം. വീട്ടിലും സ്കൂളിലും അനുയോജ്യമായ സാഹചര്യം ഒരുക്കിക്കൊടുക്കണം. വേദവാക്യങ്ങള മനഃപാഠമാക്കുവാൻ ചെറുപ്പം മുതലേ കുട്ടികളെ ശീലിപ്പിക്കണം. സണ്ടേ സ്കൂൾ പഠനവും

മത്സരങ്ങളിൽ പങ്കെടുക്കുന്നതുമെല്ലാം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നതിന് ഇട യാക്കും. സ്കൂൾ വിട്ടതിന് ശേഷമുള്ള സമയങ്ങളിൽ വിശ്രമത്തിനും വിനോ ദത്തിനും അവസരം കൊടുക്കണം. രാത്രിയിൽ എഴുതാനും വരയ്ക്കാനു മൊക്കെയായി സമയമെടുക്കാം. പ്രഭാതത്തിൽ എഴുന്നേറ്റ് വായിക്കുന്ന പാഠ ഭാഗങ്ങൾ ഓർത്തിരിക്കുവാൻ എളുപ്പമാണ്. കൗമാരക്കാർ ചുരുങ്ങിയത് ഏഴ് മണിക്കൂറെങ്കിലും ഉറങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

### 3. ലൈംഗിക പ്രശ്നങ്ങൾ

ഇതുവരെ പ്രവർത്തിക്കാത്ത ചില ഹോർമോണുകൾ ശരീരത്തിൽ പ്രവർത്തിച്ചു തുടങ്ങുന്ന പ്രായമാണ് കൗമാരം. ഇരുന്നിട്ട് എഴുന്നേല്ക്കുന്ന തുപോലെ കുട്ടികൾ ശാരീരികമായും വളരുന്നു. ആൺകുട്ടികൾക്കാണെങ്കിൽ സ്വരം മാറുക, മീശമുളയ്ക്കുക എന്നീ കാര്യങ്ങളൊക്കെ സംഭവിക്കുന്നു. പെൺകുട്ടികൾക്കാണെങ്കിൽ ഒരമ്മയായിത്തീരുന്നതിനുള്ള ഒരുക്കങ്ങൾ പ്രകൃതി അവളിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം കുട്ടി കൾക്ക് മാനസിക സംഘർഷമുണ്ടാക്കുന്നതാണ്. ക്രമേണ ഈ സംഘർഷ ങ്ങൾ മാറുകയാണ് പതിവെങ്കിലും ചിലരിൽ ആകുലചിന്ത നീണ്ടു നില്ക്കും. ഉദാഹരണത്തിന് ചില ആൺകുട്ടികൾക്ക് മീശമുളച്ച് നില്ക്കുന്നത് അസ്വ സ്ഥതയുണ്ടാക്കുന്നു. എന്നാൽ അതേ പ്രായത്തിലുള്ള മറ്റ് ചില കുട്ടികളെ പ്രയാസപ്പെടുത്തുന്നത് അവർക്ക് മീശ വളരുന്നില്ലായെന്നതാണ്.

ലൈംഗികമായ മാറ്റങ്ങളും ചിന്തകളും കൗമാരക്കാരനെ അസ്വസ്ഥനാ ക്കുന്നു. ലൈംഗിക സംബന്ധമായ സംശയങ്ങൾ കൗമാരക്കാർ മാതാപിതാ ക്കളുമായി പങ്കുവയ്ക്കുന്നില്ല എന്നതാണ് ഗുരുതരമായ പ്രശ്നം. സമപ്രായ ക്കാരാണ് ഇക്കാര്യത്തിൽ അവന്റെ ഗുരുവും വഴികാട്ടിയും. ഇതും അപകട ത്തിൽ കൊണ്ടെത്തിക്കും. ലൈംഗിക കാര്യങ്ങളെക്കുറിച്ച് കൗമാരക്കാരുടെ യിടയിൽ ധാരാളം തെറ്റിദ്ധാരണകൾ നിലവിലുണ്ട്. ഉദാഹരണത്തിന് മുഖ ക്കുരു ഉണ്ടാകുന്നതിന്റെ കാരണത്തെ കുറിച്ച് കൗമാരക്കാർക്കിടയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും രസകരമായ തെറ്റിദ്ധാരണകൾ നില നില്ക്കുന്നുണ്ട്.

ലൈംഗിക പ്രശ്നങ്ങൾ കൗമാരക്കാർക്ക് മാനസിക പ്രശ്നങ്ങളായി മാറാ തിരിക്കണമെങ്കിൽ നല്ല ബോധവൽകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. സിനിമ പോലുള്ള മാധ്യമങ്ങൾ ഇക്കാര്യത്തിൽ നല്കുന്ന സന്ദേശങ്ങൾ പല പ്പോഴും വഴിതെറ്റിക്കുന്നതായിരിക്കും. അതുകൊണ്ട് അച്ഛനുമമ്മയും കൗമാ രക്കാരായ മക്കളുടെ കൂട്ടുകാരായി മാറിയെങ്കിൽ മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുകയുള്ളൂ. ലൈംഗിക സംശയങ്ങൾ കൂട്ടുകാരോട് പങ്കുവയ്ക്കുന്നതാണ് കൗമാരക്കാർക്ക് കൂടുതൽ താൽപര്യമെന്ന് അറിയാ മല്ലോ. ലൈംഗിക സംശയങ്ങൾക്ക് മറുപടി നല്കുവാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ലെങ്കിൽ മെഡിക്കൽ ഫീൽഡിലുള്ളവർ നടത്തുന്ന ക്ലാസ്സുകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. അതുകൂടാതെ നല്ല നിലവാരമുള്ള ആരോഗ്യ മാസികകൾ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുക.

### 4. അതിരുകടക്കുന്ന ചിന്തകൾ

കടിഞ്ഞാൺ നഷ്ടപ്പെട്ട കുതിരയെപ്പോലെ ചിന്തകൾ അതിരുവിട്ടോ ടുന്ന പ്രായമാണ് കൗമാരം. പഠിക്കാനിരിക്കുമ്പോൾപോലും പാഠഭാഗമായി

യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളിലേക്ക് മനസ്സ് വഴുതിമാറുന്നു. ഇതു മൂലം പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥ വന്നുചേരും. ചിന്തകൾ ഇങ്ങനെ നിയന്ത്രണമില്ലാതെ കാടുകയറുന്നത് ഏതായാലും നല്ലതല്ല. ഭാവിയെക്കുറിച്ചുള്ള പ്ലാനുകളും കണക്കുകൂട്ടലുകളും വളരെ നല്ലതുതന്നെ. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദിവാസ്വപ്നം നമ്മുടെ വളർച്ചയുടെ സുപ്രധാന ഘടകം തന്നെയാണ്. സ്വപ്നം കാണാത്ത വ്യക്തിക്ക് ഉയർച്ചക്ക് സാധ്യത ഇല്ല. എന്നാൽ എന്താണ് ചിന്തിക്കുന്നതെന്നോ എന്തിനാണ് ചിന്തിക്കുന്നതെന്നോ തിരിച്ചറിയാതെ സ്വയം നഷ്ടപ്പെട്ട അവസ്ഥയിൽ കുത്തിയിരുന്ന് സമയം കളയരുത്.

മനസ്സിൽ ഒരുതരം ശൂന്യതാബോധം ഉള്ളവരെയാണ് ഇത്തരം ചിന്തകൾ ബന്ധിക്കുന്നത്. കൗമാരപ്രായത്തിൽതന്നെ ജീവിതത്തിന് ഒരു ഉറച്ച ലക്ഷ്യബോധം (ദീർഘകാല ലക്ഷ്യം) ഉണ്ടാക്കിയെടുക്കണം. ദീർഘകാല ലക്ഷ്യം നേടിയെടുക്കണമെങ്കിൽ തൊട്ടുമുമ്പിലുള്ള ലക്ഷ്യങ്ങൾ ഓരോന്നായി നേടണം. ഇതിനായി കുട്ടികൾക്ക് മോട്ടിവേഷൻ നല്കണം.

**5. ഫോബിയ**

അകാരണമായ ഭയമാണ് ഫോബിയ. ഫോബിയ നമ്മളിൽ പ്രവേശിക്കുന്നത് ശൈശവത്തിലോ ബാല്യത്തിലോ ആയിരിക്കും. കൗമാരത്തിലെങ്കിലും ഫോബിയയിൽ നിന്ന് മോചനം നേടേണ്ടതാണ്. ഇല്ലെങ്കിൽ ജീവിതത്തിലുടനീളം അത് നമ്മളെ വേട്ടയാടും. പല്ലിയെയും പാറ്റയെയും ഭയക്കുന്നവരുണ്ട്. ചിലർക്ക് ഇരുട്ടിനെ പേടിയാണ്. ആഴമുള്ള പ്രദേശം, ഉയർന്ന പ്രദേശം, ആളില്ലാത്ത മൈതാനം, തീയ്, പ്രാണികൾ എന്നിവയോടൊക്കെ ഭയമുള്ളവരുണ്ട്.

കൗമാരക്കാരായ കുട്ടികളിൽ പൊതുവെ കണ്ടുവരുന്ന ഒന്നാണ് സോഷ്യൽ ഫോബിയ. സദസ്സിനെ അഭിമുഖീകരിക്കുവാനുള്ള ഭയമാണിത്. ഫോബിയായിൽ നിന്ന് രക്ഷനേടുവാനുള്ള വഴി അതിനെ ധൈര്യമായി അഭിമുഖീകരിക്കുകയെന്നതാണ്. സോഷ്യൽ ഫോബിയയും പരീക്ഷാഫോബിയയുമൊക്കെ കുട്ടികൾക്കുതന്നെ പരീശീലനത്തിലൂടെ തരണം ചെയ്യാവുന്നതാണ്. ഉദാഹരണത്തിന് സദസ്സിനെ അഭിമുഖീകരിക്കുവാൻ പേടിയുള്ളവർ ആദ്യം വിജനമായ ഒരു സ്ഥലത്ത് ചെന്ന് നിന്ന് മരങ്ങളെയോ ചെടികളെയോ സദസ്സായി സങ്കല്പിച്ച് പ്രസംഗിച്ച് ശീലിക്കാവുന്നതാണ്. അതിനുശേഷം അച്ഛനുമമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബസദസ്സിന്റെ മുമ്പിൽ പ്രോഗ്രാം അവതരിപ്പിക്കാവുന്നതാണ്. മാതാപിതാക്കളും അദ്ധ്യാപകരും, പാസ്റ്റർമാരുമൊക്കെ കുട്ടികളെ അകാരണ ഭയത്തിൽനിന്ന് മോചിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. സഭാ ശുശ്രൂഷകന്മാർക്ക് ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കുവാൻ കഴിയും. സ്നേഹവും സാന്ത്വനവും പ്രോത്സാഹനവുമെല്ലാം തക്കസമയത്ത് ലഭിച്ചാൽ കുട്ടികൾക്ക് ഫോബിയായിൽ നിന്ന് രക്ഷനേടാവുന്നതാണ്. ഫോബിയ എന്ന വിഷയം വളരെ വിശദമായി മറ്റൊരദ്ധ്യായത്തിൽ നമ്മൾ പഠിക്കുന്നതാണ്.

(അടുത്ത ലക്കത്തിൽ തുടരുന്നു)

# ആ സ്നാനം

## പണ്ഡിറ്റ് എം. എം. ജോൺ

വടക്കൻ കർണ്ണാടകത്തിലേക്ക് കോഴഞ്ചേരി മാർത്തോമ്മാ പള്ളി ഇടവകയിൽ നിന്നും മൂന്നുപേർ തെരഞ്ഞെടുക്കപ്പെട്ടു. അതിൽ ഒരാളായിരുന്നു ഞാൻ. ഞങ്ങൾ മൂന്നുപേരും കർത്താവിന്റെ ശുശ്രൂഷയിൽ ഒരുമിച്ച് പ്രവർത്തിച്ചു കൊണ്ടിരുന്നു. കർണ്ണാടകസ്കൂളിൽ അധ്യാപകനായും ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തകനായും അവിടെ അഞ്ചുവർഷം ഞാൻ ചെലവഴിച്ചു. അതിനു ശേഷം നാട്ടിൽ തിരിച്ചുവന്ന ഞാൻ ശരീരാസ്വാസ്ഥ്യം നിമിത്തം അവധിക്ക് അപേക്ഷിച്ചു. ക്രമേണ അസുഖം വർദ്ധിച്ചു. മൂന്നുമാസത്തോളം കേവലം ശയ്യാവലംബിയായി കഴിച്ചുകൂട്ടി. രോഗകാഠിന്യം എന്നെ അസ്ഥിമാത്രാവ ശേഷനാക്കി. “ഇനിയും എഴുന്നേല്ക്കുകയില്ല” എന്നു സന്ദർശകരെല്ലാം അഭി പ്രായപ്പെട്ടു. വിവരമറിഞ്ഞപ്പോൾ സഭാമേധാവികളും സുവിശേഷകന്മാരും എനിക്കുവേണ്ടി പ്രാർത്ഥിക്കയും സാമ്പത്തിക കൂട്ടായ്മ കാണിക്കയും ചെയ്തിരുന്നു. മധ്യതിരുവിതാംകൂറിൽ ഒരു വലിയ ഉണർവ്വ് ഉണ്ടായ കാല ഘട്ടമായിരുന്നു അത്. ആത്മിക ചൈതന്യം പ്രാപിച്ച അനേകർ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവേഷ്ടംപോലെ രോഗം ക്രമേണ കുറയുകയും ഞാൻ കിടക്കയിൽ നിന്നും എഴുന്നേല്ക്കുകയും ചെയ്തു. പുതിയ തീരുമാനങ്ങൾ ചെയ്യുന്നതിനും ഈ സന്ദർഭം ഉപയുക്തമായി. വടിയുടെ സഹായത്തോടെ ചുറ്റുപാടുമുള്ള വീടുകൾ സന്ദർശിക്കുകയും പ്രാർത്ഥനാ യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തുവന്നു. ഈ കാലയളവിൽ ഞങ്ങൾ കുടുംബമായി ആനിക്കാട് എന്ന സ്ഥലത്തേക്ക് താമസം മാറ്റിയിരുന്നു. ആ സ്ഥലത്തും പരിസരപ്രദേശങ്ങളിലുമുള്ള ഏതാനും ചെറുപ്പക്കാർ എന്നെ സഹായിക്കാൻ മുന്നോട്ടുവരികയും സുവിശേഷ പ്രവർത്തനങ്ങളിൽ സഹ കരിക്കുകയും ചെയ്തു.

സുവിശേഷതൽപരരായ ആ യുവജനങ്ങളുടെ സാമീപ്യവും സമ്പർക്കവും മൂലം പൂർവ്വാധികം ശക്തിയോടും ഉത്സാഹത്തോടും കർത്തൃവേലയിൽ നിര ന്തരം വ്യാപൃതനാകുന്നതിനു സാധിച്ചു. വിശാലമായ വാതിലുകൾ തുറക്ക പ്പെട്ടു. ഭവനസന്ദർശനം, പ്രാർത്ഥനായോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, പര സ്യയോഗങ്ങൾ, കുട്ടികളുടെയും യുവാക്കളുടെയും പ്രത്യേക മീറ്റിംഗുകൾ, സുവിശേഷയാത്രകൾ ഇങ്ങനെ ഒട്ടനവധി കാര്യപരിപാടികളിൽ ഏർപ്പെടാൻ അവസരം ലഭിച്ചു. മാർത്തോമ്മാ, യാക്കോബായ, സി.എം.എസ് എന്നീ സഭാ വിഭാഗങ്ങൾ ഒരുമിച്ചു നടത്തുന്ന യൂണിയൻ മീറ്റിംഗുകളിൽ പ്രസംഗകനായി പലപ്പോഴും എന്നെ വിളിക്കാറുണ്ടായിരുന്നു. ആനിക്കാട്ടെ ബ്രദറൺകാരും മർത്തോമ്യനായ എന്നെ അവരുടെ പല മീറ്റിംഗുകളിലും പ്രസംഗിക്കുന്നതിന് ക്ഷണിച്ചിട്ടുണ്ട്. ആനിക്കാട്, പുന്നവേലി, മല്ലപ്പള്ളി, കറുകച്ചാൽ, നെടുങ്കുന്നം, കാനം, കങ്ങഴ, പൊൻകുന്നം, പുതുപ്പള്ളി മുതലായ സ്ഥലങ്ങളിലെല്ലാം

ഞങ്ങൾ സുവിശേഷപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. എന്നാൽ സമുദായത്തിലെ എന്റെ സ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടി സന്ദർഭം കിട്ടുമ്പോഴൊക്കെയും മാർത്തോമ്മാസഭയുടെ വിശ്വാസപ്രമാണങ്ങളെ അരക്കിട്ടുറപ്പിക്കുന്നതിനും രഹസ്യമായി സ്നാനം ഏറ്റശേഷവും സമുദായത്തിൽ തുടരുന്നവരെ നിശിതമായി വിമർശിക്കുന്നതിനും ഞാൻ വളരെ ഉത്സാഹം കാണിച്ചിരുന്നു. കോട്ടയം എം.റ്റി. സെമിനാരി ഹൈസ്ക്കൂളിലോ തിരുവല്ല എസ്.സി. എസ്. സ്ക്കൂളിലോ അധ്യാപകനായി താമസംവിനാ എന്ന നിയമിക്കുന്നതാണെന്ന് അറിച്ചുകൊണ്ട് ഡോ. ഏബ്രഹാം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ കത്തും ആയിടെ എനിക്കു ലഭിച്ചിരുന്നു.

പ്രസ്തുത പശ്ചാത്തലത്തിലാണ് ആയിരത്തിഒരുനൂറ്റിപ്പത്ത് കുംഭമാസത്തിൽ (1935 ഫെബ്രുവരി) ആനിക്കാട് കാവനാൽ കടവിലെ ബ്രദറൺ കൺവെൻഷൻ. വർഷകാലത്ത് കൂലംകുത്തിയൊഴുകുന്ന ഭീകരരൂപിയായ മണിമലയാറ് ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു. വിശാലമായ വെള്ളമണൽപ്പരപ്പിൽ നിർമ്മിച്ച ഓലപ്പന്തലിലെ പ്രസംഗവേദിയിൽനിന്നും മഹാരഥന്മാരായ കെ.വി.സൈമൺ, ഇ.പി. വർഗീസ്, പി.വി.ജോർജ്, കെ.ജി. തോമസ് എന്നിവരുടെ പരിശുദ്ധാത്മപ്രേരിതമായ സുവിശേഷപ്രഭാഷണങ്ങൾ ഉയർന്നു പന്തലും പരിസരവും അവയാൽ മുഖരിതമായി. അനേകർ വീണ്ടുംജനനം പ്രാപിച്ചു, സ്നാനം ഏറ്റു. എന്നാൽ ഇടവകയിലെ പതിവുയോഗങ്ങൾ എല്ലാംതന്നെ യാതൊരു മുടക്കവും കൂടാതെ നടത്തുന്നതിൽ ഞങ്ങൾ പ്രത്യേകം നിഷ്കർഷിച്ചു. മറ്റുയോഗങ്ങൾ ഒന്നിലും തന്നെ ഞാൻ സംബന്ധിച്ചില്ല.

ഞായറാഴ്ച പകൽ സമയത്തെ യോഗങ്ങൾക്കുശേഷം സായാഹ്നത്തിൽ കെ.വി.സൈമൺസാർ ഞങ്ങളെ സന്ദർശിക്കുന്നതിനായി വീട്ടിൽ വന്നു. ഞങ്ങൾ തമ്മിൽ നേരത്തെതന്നെ പരിചയവും ഗുരുശിഷ്യബന്ധവും ഉണ്ടായിരുന്നു. അദ്ദേഹം അല്പസമയം ഇരുന്ന് ക്ഷേമാന്വേഷണങ്ങൾ നടത്തിയതിനുശേഷം പ്രാർത്ഥിച്ചു. താനും മറ്റ് പ്രസംഗകരും താമസിച്ചിരുന്ന ചുഴികുന്നിൽ ആശാന്റെ ഭവനത്തിലേക്ക് മടങ്ങിപ്പോകാൻ ഇറങ്ങിയപ്പോൾ ഞാൻ അദ്ദേഹത്തെ അനുയാത്രചെയ്തു. അവിടെ ചെന്നപ്പോൾ പുരോഭാഗത്തെ മുറിയിൽ പി.വി.ജോർജ്സാറിനെ കണ്ടു. "മലബാർ ക്രിസ്റ്റ്യൻ" എന്ന മാസികയുടെ നടത്തിപ്പിനോടുള്ള ബന്ധത്തിൽ ഞങ്ങൾ തമ്മിൽ മുൻപരിചയം ഉണ്ടായിരുന്നു. അദ്ദേഹത്തോട് ഒരുവാക്ക് സംസാരിച്ചിട്ടുപോകാമെന്നു വിചാരിച്ചു. ഞങ്ങളുടെ സംസാരം പ്രതീക്ഷിച്ചതിലും അധികം നീണ്ടു. ഇതിനിടയിൽ എങ്ങനെയോ സ്നാനത്തെക്കുറിച്ചുള്ള പരാമർശം ഉണ്ടായി. പിന്നീട് സംസാരം ഒരു വാദപ്രതിവാദമായി മാറുകയും അർദ്ധരാത്രിവരെ നീളുകയും ചെയ്തു. സ്നാനം വേദാനുസരണം തന്നെയെന്ന് ഒടുവിൽ ഞാൻ സമ്മതിച്ചു. അങ്ങനെയെങ്കിൽ സ്നാനം ഏല്ക്കുന്നതിന് എന്താണു വിരോധം? വിരോധമൊന്നുമില്ലെന്നും അപ്പോൾതന്നെ സ്നാനപ്പെടുവാൻ ഞാൻ തയ്യാ

റാണെന്നും പറഞ്ഞു. അടുത്തുള്ള ചിലസഹോദരന്മാരെ ആളയച്ചുവരുത്തി. കത്തിച്ച പെട്രോമാക്സ് വിളക്കുമായി ഞങ്ങൾ കടവിലേക്കു പുറപ്പെട്ടു.

നമ്മുടെ കർത്താവ് യഥാർത്ഥത്തിൽ അതിശയവാൻ തന്നെ. എന്റെ ജീവിതം അതിന് ഉത്തമദൃഷ്ടാന്തമാണ്. തിരുവചനസത്യം ഞാൻ ഉപേക്ഷിച്ചെങ്കിലും പ്രസ്തുത സത്യം എന്നെ ഉപേക്ഷിച്ചില്ല. ഞാൻ അത് സ്വീകരിക്കുന്നതുവരെ എന്റെ ഹൃദയവാതിലിൽ മുട്ടിക്കൊണ്ടിരുന്നു. എന്റെ ഹൃദയത്തിലെ പോരാട്ടങ്ങളും സന്ദേഹങ്ങളും അസ്തംഗതമായി. ആയിരത്തിഒരു നൂറ്റിപ്പത്ത് കുംഭമാസം 5-ാം തീയതിയിലെ ആ നിശീഥിനിയിൽ മണൽപ്പുറത്ത് സന്നിഹിതരായിരുന്നവരുടെ സാന്നിധ്യത്തിൽ നടത്തിയ ലഘുപ്രഭാഷണത്തിനും പ്രാർത്ഥനയ്ക്കും ശേഷം പി.വി.ജോർജ് സാർ ജലത്തിലേക്കിറങ്ങി. പിന്നാലെ ഞാനും. ദൃശ്യമായ യാതൊന്നിന്റെയും ബന്ധമോ സ്മരണയോ കൂടാതെ അനിർവചനീയമായ ശക്തിക്ക് അധീനനായി നിലകൊണ്ടു. രണ്ടായിരം വർഷംമുമ്പ് നിമജ്ജനമെന്ന ഗംഭീരകർമ്മത്താൽ യോർദ്ദാൻനദിയിലെ ഇരുണ്ട വെള്ളത്തെ പരിപൂരിതമാക്കിയ ശ്രീയേശുക്രിസ്തുവിന്റെ പാദാരവിന്ദങ്ങളെ പിൻതുടരുന്നതിന് എന്നെത്തന്നെ പരിപൂർണ്ണമായി കീഴ്പ്പെടുത്തി. മനോഹരവും അർത്ഥസമ്പൂർണ്ണവുമായ ആ കർമ്മത്തിനുശേഷം ജലോത്ഥിതനായപ്പോൾ ഒരു ദിവ്യവ്യാപാരത്തിനു ഞാൻ അധീനനാകയും പൂർവ്വാധികം ആത്മശക്തികൊണ്ടു നിറയുകയും ചെയ്തു.

(ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന പണ്ഡിറ്റ് എം.എം. ജോണിന്റെ പ്രസിദ്ധീകരിക്കപ്പെടാത്ത ആത്മകഥയിൽ നിന്ന്)

●

---

(*കെരൂബിന്റെ ചിറകുകൾ-* 20 ന്റെ തുടർച്ച )

യങ്ങൾ എല്ലാം ദൈവത്തിന്റേതിനുവേണ്ടി വിധേയപ്പെടുത്തിയും സമർപ്പിച്ചും കൊടുക്കുന്നതാണ് സ്വയം മറയ്ക്കുന്ന ഒരു ചിറക്.

സ്വയത്തെ മറയ്ക്കുന്നവർ ദൈവികകാര്യങ്ങൾക്കാണ് മുൻഗണനയും പ്രാധാന്യവും നല്കുന്നത്. അവനു തന്നെക്കുറിച്ചുതന്നെ ഉന്നതമായ നിലവാരത്തിൽ ചിന്തിക്കയോ പറകയോ ചെയ്യാനാവില്ല. പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു എന്നു വായിക്കുന്ന പ്രകാരം ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിനുവേണ്ടി മറ്റെല്ലാറ്റിൽ നിന്നും വേർപെട്ടും ലൗകികതയോടു പരമാവധി അകലം പാലിച്ചും ലോകത്തിൽ ലോകക്കാരെപ്പോലെ അല്ലാതെ ജീവിക്കുന്നതാണ് മറ്റൊരു ചിറക്.

പ്രാർത്ഥനയും വചനധ്യാനവുമാകുന്ന ചിറകുകളാൽ ദൈവഹിതത്തിനൊത്തവണ്ണം ഉയരുകയും സമർപ്പണവും വേർപാടും കൊണ്ട് സ്വയം മറച്ചും ഒതുങ്ങിയും ദൈവസിംഹാസനത്തിന്റെ വാഹകരായിരിപ്പാൻ നമുക്കും ഇടയാകട്ടെ. ദൈവം കൃപ നല്കട്ടെ.

# Quest – 30

(ഈ ലക്കം QUEST - ലെ ചോദ്യങ്ങൾ ലൂക്കൊസ് സുവിശേഷത്തിൽ നിന്നാണ്.)

1. സെഖര്യാവ് പുരോഹിതന്റെ കൂറ് ഏത്?
2. നിന്റെ വായിൽനിന്നു തന്നേ ഞാൻ നിന്നെ ന്യായം വിധിക്കും. ആരെ?
3. യേശു സ്വർഗ്ഗാരോഹണം ചെയ്തത് ഏത് സ്ഥലത്തു വച്ചാണ്?
4. പരിജ്ഞാനത്തിന്റെ താക്കോൽ എടുത്ത് കളഞ്ഞത് ആര്?
5. യാഗപീഠത്തിനും, ആലയത്തിനും നടുവിൽ വച്ച് പട്ടുപോയത് ആര്?
6. യോസേഫിന്റെ പിതാവിന്റെ പേര്?
7. ഹന്നാ ഏത് ഗോത്രത്തിൽ ഉൾപ്പെട്ടവളാണ്?
8. മൂടി വെച്ചത് ഒന്നും വെളിച്ചത്തു വരാതെയും------ ഒന്നും അറിയാതെയും ഇരിക്കയില്ല?
9. ഹാനോക്കിന്റെ പിതാവിന്റെ പേര്?
10. ശവം ഉള്ളേടത്തു----- കൂടും എന്ന് അവൻ പറഞ്ഞു?
11. ശീലോഹാമിലെ ഗോപുരം വീണു എത്ര പേർ മരിച്ചു?
12. യെരുശലേമിൽ നിന്നും എത്ര നാഴിക ദൂരത്താണ് എമ്മവൂസ്?
13. നിങ്ങൾ ഏത് ആത്മാവിനു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല. ഇത് ആരാണ് പറഞ്ഞത് ?
14. ലൂക്കൊസ് സുവിശേഷം എഴുതിയത് ആർക്കുവേണ്ടിയാണ്?
15. യേശു, നായകാ, ഞങ്ങളോടു കരുണയുണ്ടാകേണമേ എന്ന് ഉറക്കെ പറഞ്ഞത് ആര് ?
16. ദാവീദിന്റെ പട്ടണം ഏത്?
17. ദൈവത്തിന്റെ ആലോചന വൃഥാവാക്കിക്കളഞ്ഞത് ആര്?
18. ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽ നിന്ന് വന്നത് ആര്?
19. യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിക്കുന്നവൻ ആര്?
20. യേശു കുറുക്കൻ എന്ന പറഞ്ഞത് ആരെയാണ്?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 30 ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം
***2013*** June ***20*** നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം
അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest -29 ന്റെ ഉത്തരങ്ങൾ

1. ഇടിമക്കൾ - മർക്കൊസ് 3:17
2. ബേത്ത്സയിദ - മർക്കൊസ് 8:22
3. ബർത്തിമായി - മർക്കൊസ് 10:46
4. പത്രൊസ് - മർക്കൊസ് 14:29
5. ഗെത്ത്ശേമന - മർക്കൊസ് 14:32,45
6. അലക്സാന്തരും, രൂഫൊസും - മർക്കൊസ് 15:21
7. ശതാധിപൻ - മർക്കൊസ് 15:39
8. 7 (ഏഴ്) - മർക്കൊസ് 16:9
9. തുറന്നു വരിക - മർക്കൊസ് 7:34,35
10. യേശുവിനെ - മർക്കൊസ് 1:13
11. ലേവി, യാക്കോബ് - മർക്കൊ.2:14, മർക്കൊ. 3:18
12. വഴിപാട് - മർക്കൊസ് 7:11
13. സുറൊഫൊയിക്യ ജാതിയിലുള്ള യവനസ്ത്രീ - മർക്കൊസ് 7:26
14. യേശു പത്രൊസിനോട് - മർക്കൊസ് 8:33
15. വചനം - മർക്കൊസ് 4:14
16. അരിമത്ഥ്യയിലെ യോസേഫ് - മർക്കൊസ് 15:43
17. ബർത്തിമായി എന്ന കുരുടൻ - മർക്കൊസ് 10:48
18. സദൂക്യർ - മർക്കൊസ് 12:18
19. മഹാപുരോഹിതൻ - മർക്കൊസ് 14:61
20. യേശു - മർക്കൊസ് 13:5

## QUEST 29- ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മിസ്റ്റർ സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
2. ജെസി മോൻസൺ, കരിയംപ്ലാവ്
3. എൽസി സെബാസ്റ്റ്യൻ, കൊട്ടിയം, കൊല്ലം
4. മോളിക്കുട്ടി ചാക്കോ, പാടിയോട്ടുചാൽ, കണ്ണൂർ
5. ഹെൽനവിൽസൻ, വിലങ്ങന്നൂർ, തൃശ്ശൂർ
6. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
7. മിസ്സിസ് മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ
8. ലീല ഫ്രെഡറിക്, പത്തിയൻഗാഡി, കോഴിക്കോട്
9. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
10. മിസ്സിസ്സ് ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
11. മിസ്സിസ്സ് സൂസൻ ജോൺ, നാലഞ്ചിറ, തിരുവനന്തപുരം
12. ജിജി പ്രമോദ്, കല്ലയം, തിരുവനന്തപുരം
13. പൊന്നമ്മ രാജു, ഷാർജ, യു.എ.ഇ.
14. മിൽക്ക ജോയി, പുതിയപാളം, കോഴിക്കോട്
15. മറിയാമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
16. അച്ചാമ്മ മാത്യു, പട്ടം, തിരുവനന്തപുരം
17. ഗ്ലാഡ്സൺ മാത്യു, മരുതൂർ
18. വത്സമ്മ സാം, മരുതൂർ

*വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ*

Quiz Master




## സി.ഡി. വില്പനയ്ക്ക്

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ ഒമ്പതാമത്തെ ഓഡിയോ സി.ഡിയായ **'യേശു എന്റെ സഹായി'** വില്പനയ്ക്കു തയ്യാർ. ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സ്ഥാപകരിൽ ഒരാളും മുൻ ഡയറക്ടറുമായ ശ്രീമതി അന്നമ്മ സി. ജോണിന്റെ അർത്ഥവത്തായ വരികൾക്ക് ശ്രീ. ആർ. നോബിളാണ് ആകർഷകമായ സംഗീതം നല്കിയിരിക്കുന്നത്. പൊള്ളുന്ന അനുഭവങ്ങളെ അക്ഷരങ്ങളിലൂടെ പ്രാർത്ഥിച്ചുണർത്തി സഹായത്തിന്റെ ഉന്നതഗിരിയായ ക്രിസ്തുവിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന മനോഹരമായ രചന. രക്ഷിക്കപ്പെട്ടവരാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. ഹൃദയത്തിന്റെ ഉള്ളറകളിൽ ആശ്വാസത്തിന്റെ കുളിർ മഴപെയ്യുന്ന ആലാപനശൈലി. സി.ഡി.യുടെ വില രൂപ 75 മാത്രം.

സി.ഡി. ആവശ്യമുള്ളവർ രൂപ 75 മണി ഓർഡർ സഹിതം സദയം താഴെയുള്ള വിലാസത്തിൽ എഴുതുക.

-----------------------------------

The Director
Good News Ministries
Akkulam Road
Trivandrum 695 031

-----------------------------------

*(കൊരിയറിൽ അയയ്ക്കുന്നതിനു പൂർണ്ണവിലാസവും ടെലഫോൺ നമ്പരും എഴുതിയിരിക്കണം)*